# THE KUDUMBA DEEPAM.



Vol. VI.) April 1935. (No. 4.

## വിഷയവിവരം.

1. പ്രാർത്ഥനാഗീതം ........................ 97.
2. തോട്ടത്തിൽ വെച്ചുണ്ടായ വ്യഥ ........................ 98.
3. കത്തോലിക്കാസഭ ........................ 100.
4. യുവലോകം ........................ 105.
5. മോഷ്ടിക്കപ്പെട്ട കഴുത ........................ 111.
6. കുടുംബജീവിതം ........................ 114.
7. ഒരു എളുപ്പമായ മാർഗ്ഗം ........................ 117.
8. ൯൦,൦൦൦—ന്റെ കഥ ........................ 120.
9. നിങ്ങളുടെ കുടുംബം ........................ 124.
10. പൊതുനിയോഗം ........................ 125.
11. കുറിപ്പുകൾ ........................ 126.

"ക്ഷമയാം തോണി കേറീട്ടു വിചാരത്തുഴ കുത്തി നീ
കുടുംബഭരണാംഭോധി സാവധാനം കടക്കുക."

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനിസ് ദന്തവൈദ്യൻ.

## എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശം കൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൮-൦

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൰-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണു.

ഒരു കുപ്പിക്കു വില ക. ൪-൮-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്തോദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'എമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള പേറ്റൻ്റൗഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റേഴ്സ്,
നമ്പ്ര് ൮൮, കോഴിക്കോടു, മലബാർ


---

# മാന്യവരിക്കാർ അറിവാൻ.

അങ്കമാലി, കുറുമശ്ശേരി, കറുകുറ്റി, കൊരട്ടി, അഡൂർ, മാള എന്നീ അഞ്ചൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ മി. പടിയ്ക്കപ്പറമ്പിൽ ഇത്താക്കു ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണ്. മാന്യവരിക്കാർ അദ്ദേഹത്തിനു അനാവശ്യ താമസത്തിനിടയാക്കാതെ പണം കൊടുത്തു മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

മാനേജർ, കുടുംബദീപം.



THE AGONY IN THE GARDEN.

# കുടുംബദീപം.

പുസ്തകം ൩. | ഏപ്രിൽ ൧൯൩൭ | ലക്കം ൪.

## പ്രാർത്ഥനാഗീതം.

(ശ്രീമാൻ കെ. വി. ജോസഫ്, മഞ്ഞുമ്മൽ.)

ബിഹാക് ആദി. കല്ല്യാണചൊല്ല്യായ്. എ. മ

പല്ലവി

സ്വർല്ലോകരാജരാജപാലയ പരാപരാനീ

അനുപല്ലവി.

1. കാരുണ്യസാഗരമേ - കൈവല്യസ്വരൂപമെ.
   കാമിതമാകെപ്പുരി - പൂർത്തമാകാൻ നീ തുണമേ- സ്വർല്ലോ:
2. വിശ്വത്തിൻ പാലകനെ - വിശ്വസ്തനായകനെ.
   ശാശ്വതഭാവുകം മേ - ദേശിക യേകിടേണേ- സ്വർല്ലോ.
3. വേദമനോജ്ഞവിത്തേ - ഖേദവിനാശസത്തേ.
   മോദസുധയെൻചിത്തേ-ചിന്തുക നീ കൃപാലൊ- സ്വർല്ലോ.
4. നിത്യാ! നിരാമയനെ - മൃത്യുജയിച്ചവനെ
   പൃത്ഥ്വീതലെ സുശാന്തി - യേകുവാനിവൻ തൊഴുന്നേൻ- സ്വ.




# തോട്ടത്തിൽവെച്ചുണ്ടായ വ്യഥ.

നമ്മുടെ ദിവ്യരക്ഷകൻ ഒടുവിലത്തെ അത്താഴസമയത്തു അസ്വസ്ഥചിത്തരും സംശയഗ്രസ്തരുമായ ശ്ലീഹന്മാൎക്കു തന്റെ ആശിസ്സ് നല്കിയതിന്റെശേഷം അവരെ നഗരത്തിൽനിന്നു കേദ്രോൻ അരുവി കടന്നു ഗത്സേമിനി തോട്ടത്തിലേക്കു കൊണ്ടുപോയി. തന്റെ പീഡാനുഭവത്തിന്റെ സമയം സമീപിച്ചു.

പെസഹാ പൌൎണ്ണമാസിലിനം സൈത്തു വൃക്ഷങ്ങളുടെ തമോമയമായ തണലിനെക്കാൾ പാപത്തിന്റെ അന്ധകാരനിബിഡമായ ഛായ അവിടുത്തെ പാപരഹിതമായ ആത്മാവിൽ നിഴലിച്ചു. അവിടുന്നു, നമുക്കു അഗ്രാഹ്യമെങ്കിലും പാപത്തിന്റെ ഭയങ്കരവും വിരൂപവുമായ ദുഷ്ടതയെ മനസ്സിലാക്കുന്നു. അതു അവിടുത്തെ മനുഷ്യസ്വഭാവത്തെ കീഴ്പ്പെടുത്തുന്നു. താൻ തന്റെ ചുമലിൽവെച്ച ഭയങ്കരമായ ഭാരം തന്നെ നിലംപതിപ്പിക്കുന്നു.

ഒരു നിമിഷം അവിടുന്നു തളൎന്നവനായി കാണപ്പെടുന്നു. "പിതാവേ, നിവൃത്തിയുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു അകററണമേ." എന്നാൽ ഒഴിഞ്ഞുമാറുന്നതിനല്ല ഈ പ്രലോഭനത്തിനു വിരോധമായി അവിടുന്നു സ്ഥിരചിത്തനായിരി

ക്കുന്നു: "എങ്കിലും എന്റെ ഇഷ്ടമല്ല അവിടുത്തെ തിരുമനസ്സുപോലെയാകട്ടെ!" ഒരു ദൈവദൂതൻ വന്നു അങ്ങെ ആശ്വസിപ്പിക്കുന്നു. തനിക്കുവേണ്ടി പ്രാർത്ഥിക്കയാണെന്നു വിശ്വസിക്കപ്പെട്ടിരുന്ന ശിഷ്യന്മാരുടെ അടുക്കലേക്കു അവിടുന്നു തിരിച്ചുപോയി. എന്നാൽ താൻ, അവരെ ഉറങ്ങുന്നതായിട്ടാണ് കണ്ടതു്!

വീണ്ടും അവിടുന്നു മുട്ടുകുത്തിനിന്നു താൻ അനുഭവിക്കാനിരിക്കുന്ന കഷ്ടാനുഭവത്തിന്റെ ശാരീരികമായ പീഡകളും മാനസികമായ മഹാ വ്യഥയും അതിന്റെ ഭയങ്കരമായ സകല സാഹചര്യങ്ങളോടുകൂടെ കാണുന്നു. പീഡകളുടെ ഭയങ്കരത്വം അവിടുത്തെ സിരകളിൽനിന്നു രക്തത്തെ രോമകൂപങ്ങളിലൂടെ സ്വേദകണങ്ങൾ കണക്കെ പുറത്തേക്കു തള്ളുന്നു. വീണ്ടും അവിടുന്നു ക്ഷീണനായിത്തീരുന്നു. എങ്കിലും- "എന്റെ ഇഷ്ടമല്ല അവിടുത്തെ തിരുമനസ്സുപോലെയാകട്ടേ!" ശിഷ്യന്മാർ വീണ്ടും ഉറങ്ങിക്കൊണ്ടിരിക്കുന്നു.

എന്നാൽ ഇതിനെക്കാൾ കഷ്ടമായിട്ടുള്ളതു് മനുഷ്യർ പീഡകളുടെ വിലയെ മനസ്സിലാക്കാത്തതാണ്. അവർക്കു അത്ര വ്യർത്ഥമായിത്തോന്നുന്നു. അവിടുന്നു ഭാവിയിൽ മനുഷ്യരാൽ ചെയ്യപ്പെടുവാനിരിക്കുന്ന സകല പാപങ്ങളും തന്റെ കഷ്ടാനുഭവത്തിനുശേഷവും ആത്മാക്കൾ നശിച്ചുപോകുന്നതും ദർശിക്കുന്നു. മനുഷ്യർ ഇതെല്ലാം നഷ്ടപ്പെടുത്തുകയാണെങ്കിൽ അവിടുന്നു എന്തിനാണ് ഇത്രയധികം സഹിക്കുന്നതു്?

എന്നാൽ അവിടുന്നു, നഷ്ടമാക്കിക്കളയാത്തവർക്കു വേണ്ടി ഇതെല്ലാം സഹിക്കുന്നതിനു തയ്യാറായിരിക്കുന്നു. അവിടുന്നു മറ്റെല്ലാ ആത്മാക്കളും നശിച്ചുപോകുമെന്നായിരുന്നാലും എനിക്കു വേണ്ടി, എന്നെ രക്ഷിക്കുന്നതിനായിട്ടു ഇതെല്ലാം സഹിക്കുവാൻ ഒരുങ്ങിയിരിക്കുന്നു! ഞാൻ അവിടുത്തേക്കുവേണ്ടി എന്താണ് ചെയ്യുവാൻ മനസ്സാകാതിരിക്കുന്നതു്?

# കത്തോലിക്കാ സഭ.

(വെരി റവ. ഫാദർ ജോൺ ബക്ക്മാൻസ് സി. ഡി.)

## 6. സഭയുടെ സ്വഭാവം.

മിശിഹായാൽ സ്ഥാപിതമായ സഭയ്ക്കു എല്ലാ ലൗകിക സ്ഥാപനങ്ങൾക്കും ഉള്ളതുപോലെ അംഗങ്ങളും, അധികാരികളും, നിയമസംഹിതയും, ഘടനാസംയുക്തതയും, ഉദ്ദേശപരിപാടിയും ഉണ്ട്. എങ്കിലും പ്രസ്തുത സഭയെ ഭൗമിക സ്ഥാപനങ്ങളോടു തുലനം ചെയ്യുമ്പോൾ അവയോടു അതു സാദൃശ്യപ്പെടുന്നു എന്നതിനെക്കാൾ അവയിൽനിന്നു വ്യത്യാസപ്പെടുന്നു എന്നാണ് തെളിയുന്നത്. അനന്യസാധാരണമായ സഭയുടെ ഈ മാഹാത്മ്യത്തെപ്പററി അല്പം വിശദമായി ഇവിടെ സമർത്ഥിക്കേണ്ടിയിരിക്കുന്നു.

സഭ ഒരു അതിസ്വാഭാവിക സ്ഥാപനമാകുന്നു എന്നുള്ളതാണ് അതിനു എല്ലാ മാനുഷിക സംരംഭങ്ങളെയും അപേക്ഷിച്ചു ശ്രേഷ്ഠതയും ഔന്നത്യവും കല്പിക്കുവാനുള്ള ന്യായം. അതേ, മ്ശിഹായുടെ സഭ ഒന്നിനു മാത്രമേ 'ദൈവരാജ്യം' എന്ന അഭിധാനത്തിനു അർഹതയുള്ളൂ. ദൈവികമായ അതിൻെറ ഉത്ഭവവും, ഉദ്ദേശവും, ഉപകരണങ്ങളുമാണ് ഈ അവകാശത്തിനുള്ള മൂലാധാരം. ഇതര സാമ്രാജ്യങ്ങളുടെ എല്ലാം ഉത്ഭവം ലൗകികവും, ഉദ്ദേശവും ഉപകരണങ്ങളും ഭൗമികങ്ങളുമാകുന്നു.

മിശിഹായുടെ രക്ഷണീയ വേലയുടെ ഫലമായി രൂപീകൃതമായിട്ടുള്ള ആദ്ധ്യാത്മിക സാമ്രാജ്യമെന്നു സഭയെ വേദാന്തികൾ അഭിസംബോധനം ചെയ്യുന്നു. ഇതിൽനിന്നു രക്ഷനാഥൻ ലോകത്തിൽനിന്നു വീണ്ടെടുത്തിട്ടുള്ളവരുടെ സംഘമാകുന്നു സഭ എന്നു വിശദമാകുന്നു. ലോകം എന്ന സംജ്ഞ പാപം വഴിയായി അധഃപതിച്ച മനുഷ്യസമുദായത്തെയാണ് ലക്ഷ്യീകരിക്കുന്നത്. ഈ തത്വം അധികരിച്ചുകൊണ്ടാണ് വി. യോഹന്നാൻ (ഫ. യോ. വ. വ.) ദൈവപുത്രൻ സർവ്വലോകത്തിൻെറയും

15663

പാപപ്പരിഹാരാത്ഥം ആത്മബലി സമപ്പിച്ചു എന്നു പറഞ്ഞിരിക്കുന്നതു്. മനുഷ്യരെല്ലാവരും നിത്യഭാഗ്യം പ്രാപിക്കണമെന്ന് ആഗ്രഹിക്കുന്ന ദൈവം മിശിഹായുടെ രക്ഷണം എല്ലാവക്കും പ്രദാനം ചെയ്യുന്നു. എന്നാൽ വലിയ വിഭാഗം ആളുകൾ അതു തിരസ്കരിച്ചുകളയുന്നു. രക്ഷണം സ്വീകരിക്കുന്നവരോ സഭയുടെ അംഗങ്ങളായിത്തീരുന്നു. ഇവരാണ് മിശിഹാ "ലോകത്തിൽനിന്നു തെരിഞ്ഞെടുത്തവർ." (യോ. ൧൫. ൧൯.) എന്നും "അവിടത്തെ സ്വന്തരക്തംകൊണ്ടു വീണ്ടെടുത്തവർ" (നട. ൨൦. ൨൮.) എന്നും നാമകരണം ചെയ്യപ്പെട്ടിരിക്കുന്നതു്. ഇതിനാൽ വി. ആഗുസ്തീനോസ് സഭയെ "രക്ഷിതലോകം" (Mundus Salvatus) എന്നു സയുക്തികം പേർ വിളിക്കുന്നു.

മിശിഹാ, അവിടുന്നു സ്ഥാപിച്ച സഭയ്ക്കു്, അവിടത്തെ കുരിശുമരണം വഴിയായി പ്രാപിച്ച ദൈവവരപ്രസാദം പ്രദാനം ചെയ്യുന്നു. അവൾ സഭാംഗങ്ങൾക്കു അതു വിതരണം ചെയ്തുകൊണ്ടു പാപത്തിൽനിന്നുളവായ മരണത്തിൽനിന്നു അവരെ ആദ്ധ്യാത്മിക ക്രമത്തിൽ പുനർജ്ജീവിപ്പിക്കുന്നു. സഭയ്ക്കുപുറമെ നില്ക്കുന്നവരെയൊ അതു നവീകരിപ്പാൻ സാദരം ക്ഷണിക്കയും ചെയ്യുന്നു. കൂടാതെയും വരപ്രസാദത്തിന്റെ സ്രോതസ്സുകളായ വിശ്വാസാഭ്യസനവും, കൂദാശകളുടെ സ്വീകരണവും, സുകൃതാനുഷ്ഠാനവും വഴിയായി സഭ എന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ ആത്മവിശുദ്ധീകരണവും ആദ്ധ്യാത്മികജീവിതവും ഉത്തരോത്തരം പരിപോഷിപ്പിച്ചുകൊണ്ടുവരുന്നു. തദ്വാരാ ഓരോ മനുഷ്യനും പരിപൂർണ്ണനും മിശിഹായിൽ രൂപീകൃതനും ആയിത്തീരുന്നു. ഇങ്ങനെയാണ് വി. പൗലോസ് ക്രൂശിതനോടു കൂടി താൻ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു പ്രകീത്തിക്കുന്നതു്; വി. ഫ്രാൻസീസ്സ്കാസ് ദാരിദ്ര്യത്തിന്റെ മൂത്തീകരണമെന്ന അപരനാമം പ്രാപിച്ചതു്; വി. കൊച്ചുത്രേസ്യാ ദിവ്യസ്നേഹപാരമ്യത്തിനു ആത്മബലി സമപ്പിച്ചതു്. ഇവിടെ വരപ്രസാദത്തിന്റെ ആഭ്യന്തര ജീവിതം വഴിയായി ദൈവമക്കൾ ലോകത്തിന്റെ മക്കളിൽനിന്നു എങ്ങനെ വേർതിരിക്കപ്പെടുന്നു എന്നു നമുക്കു പ്ര

സ്പഷ്ടമായി ദൃശ്യമാകുന്നു.

ഇവ്വിധം സഭയെ അതിന്റെ ആദ്ധ്യാത്മിക ജീവിതമാഹാത്മ്യത്തിൽ വിചിന്തനം ചെയ്യുമ്പോഠം മിശിഹായോടുകൂടി അതിനു സിദ്ധിക്കുന്ന അഭേദ്യമായ ഐക്യതയും തജ്ജന്യമായ സ്ഥാനവൈപുല്യവും ഏററവും ഹൃദയാവർജ്ജകങ്ങളായി പരിണമിക്കുന്നു. ഇതിനാലത്രെ സഭയ്ക്കു മിശിഹായുടെ ശരീരമെന്നും, ദൈവത്തിന്റെ ആലയമെന്നും, മിശിഹായുടെ മണവാട്ടിയെന്നുമുള്ള ഉൽകൃഷ്ടനാമങ്ങഠം വേദാഗമങ്ങളിൽ നൽകപ്പെട്ടിരിക്കുന്നതു്.

വി. പൗലോസ് വിശ്വാസികഠം ഓരോരുത്തരും മിശിഹായുടെ ശരീരത്തിന്റെ അവയവമെന്നും (൧. കൊറി. ൬. ൧൫.) എല്ലാവരുംകൂടി മിശിഹായുടെ ശരീരം പൂർത്തിയാക്കുന്നു എന്നും (എഫെ. ൪. ൧൬), മിശിഹാ സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാകുന്നു (കൊറി. ൧. ൧൮.) എന്നും ഇപ്പ്രകാരം സംഘടിതമായ ശരീരം മിശിഹായാകുന്നുവെന്നും (൧. കൊറി. ൧൨.) പ്രകീർത്തിക്കുന്നു. ഇതു എത്ര അത്ഭുതാവഹമായ ഐക്യതയാകുന്നു എന്നു മനസ്സിലാക്കിയാൽ നാം മിശിഹായുടെ നേരെയുള്ള സ്നേഹം നിമിത്തം ആലസ്യപ്പെടാതിരിക്കയില്ല. പ്രജകഠംക്കു രാജാവിനോടും സമുദായാംഗങ്ങഠംക്കു പരസ്പരമായും ഉള്ള ബന്ധം സഭാംഗങ്ങഠംക്കു മിശിഹായോടുള്ള ഐക്യതയുടെ നിഴൽ മാത്രമേ ആകുന്നുള്ളൂ. സഭയുടെ അംഗം മിശിഹായുടെ കുരിശുമരണത്തിൽ നിന്നുളവാകുന്ന വരപ്രസാദം പ്രാപിക്കുന്നതുകൊണ്ടാണ് ഇപ്രകാരം അവിടത്തോടൊന്നിച്ചു അഭേദ്യമായി ഘടിക്കപ്പെടുന്നതു. ഒരുവൻ സഭയുടെ അംഗമായിത്തീരുന്നതു് ജ്ഞാനസ്നാനം വഴിയായിട്ടാണല്ലൊ. പ്രസ്തുത കൂദാശ നമ്മിൽ ഉളവാക്കുന്ന രൂപാന്തരത്തെപ്പററി ശ്ലീഹാ സാക്ഷിക്കുന്നതു്, അതു വഴിയായി നാം മിശിഹായോടുകൂടി പാപത്തിനു മരിക്കയും വരപ്രസാദത്തിനു പുനർജ്ജീവിക്കയും ചെയ്യുന്നു എന്നാണ്. (റോ. ൬. ൪.) ഈ കൂദാശ വഴിയായി നിത്യായുസ്സിന്റെ വൃക്ഷമായ മിശിഹായോടുകൂടെ നാം ഒട്ടിക്കപ്പെടുകയും അവിടുത്തെ ഫലങ്ങഠം നാം പുറ

പ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ നാം മിശിഹായോടുകൂടി ഏകീഭവിക്കുക നിമിത്തം ദൈവത്തിന്റെ മക്കളും അവിടുത്തെ കൂട്ടവകാശികളുമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. (റോ. വ്യ.)

കൂടാതെയും ശിരസ്സായ മിശിഹായോടും അംഗങ്ങളായ ക്രിസ്ത്യാനികളോടുംകൂടിയ ശരീരമായ സഭ വരപ്രസാദജീവിതം വഴിയായി വളൎന്നുകൊണ്ടിരിക്കുന്നു. മിശിഹായുടെ അംഗമായ ഓരോ ക്രിസ്ത്യാനിയും എത്ര അധികം അവിടുത്തെ അനുകരിക്കുമോ അത്രയുമധികം അവനിൽ വ്യക്തിപരമായി ആദ്ധ്യാത്മികവളൎച്ച്യുണ്ടാകുന്നു. കാലത്തിന്റെ ഗതിയനുസരിച്ചു മിശിഹായുടെ അനുയായികളുടെ സംഖ്യ ലോകമെങ്ങും വൎദ്ധിക്കുന്നതുകൊണ്ടു സഭയായ ശരീരത്തിനു പൊതുവായും വളൎച്ച സിദ്ധിക്കുന്നു.

വീണ്ടും, സഭ ദൈവത്തിന്റെ ആലയമെന്നു വേദാഗമം കീൎത്തിക്കുന്നു. നിങ്ങൾ ദൈവത്തിനു ബലി സമൎപ്പിക്കപ്പെടുന്ന ആലയം പണിചെയ്യുന്നതിനുള്ള സജീവ കല്ലുകളാകുന്നു എന്നാണു് വി. പത്രോസു് രേഖപ്പെടുത്തിയിട്ടുള്ളതു്. (൧. പ. വ.) വി. പൗലോസാകട്ടെ ഈ ആശയത്തെ പലവിധത്തിലും ഹൃദയാവൎജ്ജകമായി പ്രഖ്യാതിപ്പിച്ചിട്ടുണ്ടു്. "നിങ്ങൾ സജീവ ദൈവത്തിന്റെ ആലയമാകുന്നു." (വ. കൊറി. ന്ന.) എന്നും നിങ്ങൾ "ശ്ലീഹന്മാരുടെയും ദീൎഘദൎശികളുടെയും അടിസ്ഥാനത്തിന്മേലും ഈശോമിശിഹാ എന്ന മൂലക്കല്ലിന്മേലുമാണു് കെട്ടപ്പെട്ടിരിക്കുന്നതു്." (എഫേ. വ.) എന്നും സ്പഷ്ടമായി വാദിക്കുന്നു. ഈ തത്വം സ്ഥാപിക്കുന്നതിനു ഇനിയും അനേക രേഖകൾ ഉദ്ധരിക്കാവുന്നതാകുന്നു.

ദൈവത്തിന്റെ വിശുദ്ധ ആലയത്തോടു സഭയെ തുല്യപ്പെടുത്തുന്നതു അടിസ്ഥാനത്തോടു കെട്ടിടത്തിനുള്ള ബന്ധം എന്താണെന്നതു തന്നെയാണു് മിശിഹായോടു സഭക്കും അംഗങ്ങൾക്കുമുള്ള യോജ്യത എന്നു കാണിപ്പാനാകുന്നു. ഇവിടെ ശ്ലീഹാ ദേവാലയത്തെ അശുദ്ധമാക്കാതിരിപ്പാനുള്ള ഖണ്ഡിതമായ പ്രമാണം നൽകുന്നതോടുകൂടി അബദ്ധ പ്രബോധനങ്ങൾ വഴിയായി സഭയെയും അധൎമജീവിതം വഴിയായി അംഗങ്ങളുടെ ആത്മശരീര

വിശുദ്ധിയേയും മാലിന്യപ്പെട്ടുത്തരുതെന്നും പഠിപ്പിക്കുന്നു.

മൂന്നാമത്തെ സാമ്യം ഏററം ശ്രദ്ധേയമാകുന്നു. ദൈവം ആദിയിൽ ആദത്തെയും അയാളിൽനിന്നു ഹവ്വായെയും നിർമ്മിക്കുകയും അവരെ വിവാഹബന്ധത്തിൽ ഒരു ജഡമായി സംഘടിപ്പിക്കുകയും ചെയ്തു. ഹവ്വാക്കു ആദത്തോടുള്ള ബന്ധം എത്ര ഗാഢമായതാകുന്നു എന്നു ഇതിൽനിന്നു സുഗ്രാഹ്യമാണു. എന്നാൽ പാപംവഴിയായി മനുഷ്യർ ദാമ്പത്യബന്ധം ദുരാശകൾക്കു അധീനപ്പെടുത്തി. ഇതിനെ പരിഹരിക്കുന്നതിലേക്കുവേണ്ടി മിശിഹാ വിവാഹത്തെ ഒരു കൂദാശയായി ഉയർത്തിക്കൊണ്ടു അതിനെ വരപ്രസാദത്തിൻെറ സ്രോതസ്സാക്കി രൂപാന്തരപ്പെടുത്തുകയാണ് ചെയ്തതു്. മാത്രമല്ലാ, ക്രിസ്തീയവിവാഹത്തിൻെറ ആദർശമായി മിശിഹായ്ക്കു സഭയോടും ക്രിസ്തീയ ആത്മാവിനോടുമുള്ള പ്രേമബന്ധംതന്നെ വിവാഹിതർക്കു അനുകരണത്തിനായി ചൂണ്ടിക്കാണിക്കുന്നു. (എഫെ. ൫.) ആദത്തിൽനിന്നു ഹാവാ എങ്ങനെ മനുഷ്യരൂപത്തിൽ നിർമ്മിക്കപ്പെട്ടുവോ, അതുപോലെ ജലവും പരിശുദ്ധാരൂപിയും വഴിയായി നവജനനം പ്രാപിക്കുന്ന ക്രിസ്ത്യാനി മിശിഹായിൽനിന്നു വരപ്രസാദം സ്വീകരിക്കുകമൂലം ദൈവപുത്രനായി രൂപീകൃതനായിത്തീരുന്നു. കൂടാതെയും മിശിഹാ സ്വന്തം മാംസരക്തങ്ങളെക്കൊണ്ടു നവമനുഷ്യനെ തീററിപോഷിപ്പിക്കയും ചെയ്യുന്നു. ഇതിനാൽ രണ്ടാമത്തെ ആദമായ മിശിഹായ്ക്കു ഒന്നാമത്തെ ആദത്തെപ്പോലെ, ക്രിസ്ത്യാനികളോരോരുത്തരോടും ക്രിസ്തീയ സഭയോടും "എൻെറ അസ്ഥികളിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവുമാകുന്നു." (സൃ. ൨.) എന്നു പറയാവുന്നതാണെന്നു തെളിയുന്നു. ഹാ, എത്ര ഉൽകൃഷ്ടമായ സ്ഥാനം! എത്ര പാവനമായ ഐക്യത! മിശിഹായോടുകൂടി അഭേദ്യമായി ജീവിച്ചു ഭാഗ്യപദം പ്രാപിക്കുന്നതിനുവേണ്ടി എല്ലാവരും അവിടുത്തെ സത്യസഭയിൽ പ്രവേശിക്കയും അതിൽ യോഗ്യതാപൂർവ്വം ജീവിക്കയും ചെയ്യട്ടെ.

# യുവലോകം. (തുടച്ച്)

റവ. ഫാദർ ഫ്രാൻസിസ് സി. ഡി.

സ്രഷ്ടാവിനെ യൌവനത്തിൽ അനുസ്മരിക്കയാണ് യുവജനങ്ങളുടെ സർവ്വപ്രധാനമായ കടമയെന്നു പറഞ്ഞുകഴിഞ്ഞു. യുവലോകത്തിനു ഇനിയും ഒരു മാതൃകാപുരുഷനെ ചൂണ്ടിക്കാണിക്കുവാനാണ് ഉദ്ദേശം. നരകുലനാട്ടനായകവും, മനുജകുലപരിത്രാണാർത്ഥം മനുഷ്യീഭവിച്ച ദൈവവുമായ മ്ശിഹാതന്നെയത്രെ യുവലോകത്തിന്റെ മാർഗ്ഗപ്രദർശകൻ. നിത്യപിതാവിന്റെ മടിയിൽനിന്നു നിപാതനംചെയ്ത ആ മനുഷ്യദൈവം സാധാരണ ഒരു മനുഷ്യനെപ്പോലെ മനുഷ്യജീവിതത്തിന്റെ ശൈശവം, കൌമാരം, യൌവനം, എന്നീ ഘട്ടങ്ങളെ തരണം ചെയ്യുന്നതു എല്ലാ മനുഷ്യർക്കും മാതൃകയായിത്തീരുന്നതിനുവേണ്ടിയായിരുന്നല്ലോ. ആകയാൽ നമ്മുടെ ആദർശമായ യുവാവായ മ്ശിഹായെ നമുക്കു അനുഗമിക്കാം.

നസറസിൽ അവിടുത്തെ ദിവ്യമാതാവിനും, വളർത്തുപിതാവിനും, അനുസരണം ചെയ്തുകൊണ്ടത്രെ അവിടുത്തെ യൌവനദശ അവിടുന്നു കഴിച്ചുകൂട്ടുന്നതു്. ദൈവത്തിനു പ്രസാദജനകമായും തങ്ങൾക്കുതന്നെ ഉപയോഗപ്രദമായും, പരിശുദ്ധവും സമാധാനപരവുമായ ഒരു ജീവിതത്തിനു നാന്ദിയായും തങ്ങളുടെ യൌവനദശയെ വിനിയോഗിക്കണമെന്നു യുവാവായ മ്ശിഹാ സ്വാദൃഷ്ടാന്തംവഴി യുവലോകത്തോടു ചെയ്യുന്ന ഉപദേശം അതു വിനയപൂർവ്വം ശ്രവിക്കട്ടെ.

പ്രാചീനന്മാരും അർവ്വാചീനന്മാരുമായ നിരവധി സിദ്ധന്മാരെ നമ്മുടെ യുവലോകത്തിനു മാർഗ്ഗദർശികളായി തിരുസ്സഭ നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ഏതൊരു യുവാവിനും, യുവതിയ്ക്കും, ഏതൊരു ജീവിതസ്ഥിതിയിലും മാർഗ്ഗദർശിയും ഉത്തമമാതൃകയുമായി യുവാവായ മ്ശിഹായെപ്പോലെ ആരുംതന്നെ ഇല്ലല്ലോ. എന്തെന്നാൽ "ജ്ഞാനത്തിലും, പ്രായത്തിലും, വരപ്രസാദത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ" ഇതയധികം അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളവൻ ഇല്ല. ആയതിനാൽ

ഇതുപോലെ യുവലോകത്തിനു പററിയ ഒരു മാതൃകയുമില്ല. അ ഹോരാത്രം നമ്മുടെ യുവലോകം മ്ശിഹായെ അവരുടെ ദൃഷ്ടിപ ഥത്തിൽ സ്ഥാപിച്ചുകൊണ്ടു, അങ്ങേ മാർഗ്ഗത്തെ അതു അനുധാ വനംചെയ്യട്ടെ. ഓരോ കൃത്യത്തിനുംമുമ്പായി "ഏതാദൃശസാഹ ചര്യങ്ങളിൽ മ്ശിഹാ എങ്ങിനെ പ്രവർത്തിക്കുമായിരുന്നു"വെന്നു ചിന്തിച്ചതിന്റെശേഷം നമ്മുടെ യുവതീയുവാക്കന്മാർ പ്രവ ർത്തിക്കട്ടെ.

ഈ ഘട്ടത്തിൽ നമ്മുടെ അനുകരണവിഷയമായ ഈ യു വാവു് ആരാണു് എന്നുകൂടെ ചിന്തിക്കുന്നതു് സന്ദർഭോചിതമാ ണു്. അവിടുന്നു ആരാധ്യനായ ദൈവത്തിന്റെ ഏക ജാതനാ ണു്; ദൈവത്തിനു സമനാണു്. നിത്യവചനമാണു്; സാക്ഷാൽ ദൈവംതന്നെയാണു്. നമ്മുടെ നേരെയുള്ള അതീവസ്നേഹത്തെ പ്രതി, നമ്മെ തന്നിലേക്കു ആകർഷിക്കുന്നതിനുവേണ്ടി അവിടു ത്തെ ദൈവികത്വത്തിൽ പാപികളായ നമ്മേയും ഭാഗഭാക്കുക ളാക്കുന്നതിനായി അവിടുന്നു മാംസീഭവിച്ചു. അതായതു ദേഹി ദേഹസമ്മിശ്രമായ നമ്മുടെ മനുഷ്യത്വം അവിടുന്നു കൈവ രിച്ചു. ഇങ്ങനെ അത്ഭുതങ്ങളുടെ അത്ഭുതമായി, നമുക്കു ചിന്തി ക്കാൻകൂടെയും വഹിയാത്തവിധം, അവിടുത്തെ ദൈവിക ആളി ൽ പൂർണ്ണമായ ദൈവസ്വഭാവത്തിലും പൂർണ്ണമായ മനുഷ്യസ്വഭാ വത്തിലും അവിടുന്നു സ്ഥിതിചെയ്യുന്നു. ആയതിനാൽ പാപവും അപൂർണ്ണതയും ഒഴിച്ചു മററുള്ള സകലത്തിലും അവിടുന്നു നമ്മെ പ്പോലെ മനുഷ്യനായിരുന്നു. എന്നാൽ അതേസമയത്തുതന്നെ അവിടുന്നു യഥാർത്ഥ ദൈവവുമായിരുന്നു ഇങ്ങനെയുള്ള ഒരു ആ രാധ്യസത്വമാണു്, ഒരു മനുഷ്യദൈവമാണു്, ഒരു ഉത്തമ യുവാ വാണു് മ്ശിഹാ, നമ്മുടെ മാതൃകാപുരുഷൻ. ഹാ! അവിടു ത്തെ ആരാധ്യമായ മനുഷ്യത്വത്തെപ്പററി നമ്മുടെ യുവലോ കത്തിനു യഥാർത്ഥ ജ്ഞാനമുണ്ടായിരുന്നെങ്കിൽ, അതിനു എ ത്ര സൌഭാഗ്യസ്ഥിതി കൈവരുമായിരുന്നു. കരുണാനിധിയായ ഈശോയേ, അവിടുത്തെ സ്നേഹഭാജനമായ യുവലോകത്തെ അ ങ്ങിലേക്കു ഹഠാദാകർഷിക്കേണമെ.

കീർത്തിമാന്മാരും, തങ്ങളുടെ ഭുജപരാക്രമംകൊണ്ടു ലോകത്തെ അത്ഭുതപരതന്ത്രമാക്കിയവരുമായ മഹാരഥന്മാർ ലോകചരിത്രത്തിൽ പലരുമുണ്ട്. മഹാനായ അലക്സാണ്ഡർ തൻെറ മുപ്പതാമത്തെ വയസ്സിൽ അന്നറിയപ്പെട്ടിരുന്ന പരിഷ്കൃതലോകം എല്ലാം അദ്ദേഹത്തിൻെറ യുദ്ധപരാക്രമത്താൽ പിടിച്ചടക്കി. ഇനിയും പിടിച്ചടക്കുന്നതിനായി രാജ്യങ്ങളില്ലല്ലൊ എന്നു വിചാരിച്ചു അദ്ദേഹം വിലപിച്ചു എന്നും പറയപ്പെടുന്നു. ചരിത്രപ്രസിദ്ധനായ യൂലിയസ് സീസർ, അലക്സാണ്ഡർ മഹാൻെറ പ്രതിമയെ നോക്കിക്കൊണ്ടു "അദ്ദേഹം മുപ്പതാമത്തെ വയസ്സിൽ ലോകത്തെ കീഴടക്കി—ഞാനോ എന്നാൽ എന്തുചെയ്തു" എന്നു പറഞ്ഞു നിലവിളിച്ചതായി ചരിത്രം സാക്ഷിക്കുന്നു. അദ്ദേഹത്തെ മാതൃകയായി സ്വീകരിച്ചു ലോകത്തെ കീഴടക്കുന്നതിനായി സീസറും പുറപ്പെട്ടുവത്രെ.

എന്നാൽ ഇച്ചൊന്ന യുദ്ധവീരന്മാരും, ലോകമഹാപരാക്രമികളും, മനുഷ്യഗണത്തെ മുഴുവനും കീഴടക്കിയ മ്ശിഹായുടെമുമ്പാകെ ആരാണ്! അവിടുന്നു ലോകത്തെ ജയിച്ചതു്, ഭുജപരാക്രമംകൊണ്ടോ വിരോധം കൊണ്ടോ അല്ലാ; പ്രത്യുതാ സ്നേഹം കൊണ്ടുമാത്രമായിരുന്നു. അദ്ദേഹം തൻെറ പ്രതിയോഗികളുടെ രക്താ ചിന്തിയില്ല; മറിച്ചു തൻെറ പ്രതിയോഗികൾക്കുവേണ്ടി അവിടുന്നു സ്വയം രക്തം ചിന്തി. അവിട്ടത്തെ വിജയങ്ങൾ ക്ഷണഭംഗുരങ്ങളല്ല, അവ നിതരാം പരിലസിക്കുന്നു. അവിടുന്നു മനുഷ്യരുടെ ശരീരത്തെയും ശരീരസംബന്ധങ്ങളായവയേയുമല്ല ജയിച്ചടക്കിയതു്. അവിടുന്നു മനുഷ്യാത്മാക്കളെയാണ് ജയിച്ചിരിക്കുന്നതു്. അവിടുന്നു സ്വയം ജയിക്കുകമാത്രമല്ല, മനുഷ്യരെല്ലാവരും സ്വയം ജയിക്കുന്നതിനു ഉപദേശിക്കുകയും ചെയ്യുന്നു. "യാതൊരുത്തൻ എന്നെ അനുധാവനംചെയ്യുന്നെങ്കിൽ, അവൻ സ്വയം പരിത്യജിച്ചു, തൻെറ കുരിശുവഹിച്ചുകൊണ്ടു എന്നെ അനുഗമിക്കട്ടെ" എന്നാണ് അവിട്ടത്തെ ഉപദേശം.

സീസർ, അലക്സാണ്ഡറിൻെറ പ്രതിമയെ നോക്കിക്കൊണ്ടു പ്രവർത്തിച്ചതുപോലെ യുവതീയുവാക്കന്മാർ തങ്ങളുടെ കൺമു

മ്പാകെ നസറസിൽ വസിക്കുന്ന യുവാവായ മ്ശിഹായെ ധ്യാനിച്ചു പ്രവത്തിക്കട്ടെ. അവിടുന്ന മുപ്പത്തുവയസ്സു പ്രായമായിരിക്കയിൽ, പരിഷ്കൃതവും അപരിഷ്കൃതവുമായ അഖിലലോകത്തെയും, എന്നന്നേക്കുമായി ജയിച്ചടക്കിയിരിക്കുന്നു. ഇതിനുപുറമെ, അവിടുന്ന അങ്ങേക്കുവേണ്ടിമാത്രമല്ല, അങ്ങേ അനാഥമക്കൾക്കെല്ലാവക്കുംവേണ്ടി സ്വഗ്ഗരാജ്യത്തെയും കീഴടക്കിയിരിക്കുന്നു. എന്നാൽ ഞാൻ ഈ വിഷയത്തിൽ, "സ്വയം ജയിക്കുന്നതിലും ഇങ്ങനെ സ്വഗ്ഗം കരസ്ഥമാക്കുന്നതിലും എന്താണ് ചെയ്തിട്ടുള്ളത്" എന്നു നമുക്കു അവധാനപൂവ്വം ചിന്തിക്കാം.

യഥാത്ഥത്തിൽ മഹാന്മാരും മഹതികളുമായിത്തീരുന്നതിനു നമുക്കു സാധിക്കും. എന്നാൽ പല യുവാക്കന്മാരും യുവതികളും തെററിധരിക്കുന്നതുപോലെ ആ മാഹാത്മ്യം കലാവൈദഗ്ദ്ധ്യത്തിലോ, രാജ്യതന്ത്രത്തിലോ, ധനശാസ്ത്രത്തിലോ, സാഹിത്യത്തിലോ മാത്രമല്ല സ്ഥിതിചെയ്യുന്നതു്. യഥാത്ഥമായ മാഹാത്മ്യം സുകൃതജീവിതത്തിലും, ജീവിതവിശുദ്ധിയിലും, ഹൃദയംഗമമായി സ്വാത്ഥത്തെ ത്യജിക്കുന്നതിലും ദൈവത്തെ സ്നേഹിക്കുന്നതിലുമാണ് അടങ്ങിയിരിക്കുന്നതു്. "യാതൊരുത്തൻ ഇഹത്തിൽ അവന്റെ ജീവനെ വെറുക്കുന്നുവോ, അവൻ അതിനെ നിത്യജീവിതത്തിലേക്കു സൂക്ഷിക്കുന്നു." (യോഹ. ൧൨. ൧൫.) എന്നാണ് വി. യോഹന്നാന്റെ സാക്ഷ്യം. ആയതിനാൽ യുവലോകം ജീവിതവിശുദ്ധീകരണത്തിനായിട്ടാണ് സവ്വോപരി പരിശ്രമിക്കേണ്ടതു്. ഏതൽപരിശ്രമത്തിൽ പരിശുദ്ധമായ മനസ്സാക്ഷി രൂപീകരിക്കുന്നതിനും, എല്ലായ്പോഴും അതു പരിശുദ്ധമായി സംരക്ഷിക്കുന്നതിനുമാണ് യുവതീയുവാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതു്. അവരുടെ ആദ്ധ്യാത്മികോൽക്കഷത്തിന്റെ പ്രഥമസോപാനം പരിശുദ്ധമായ ഒരു മനസ്സാക്ഷിയാണ് എന്നു അവർ ദൃഢമായി ധരിക്കട്ടെ.

താഴെപ്പറയുന്ന സംഭവം യഥാത്ഥ മാഹാത്മ്യം ആരായുന്നതിനു യുവലോകത്തെ സഹായിക്കുമെന്നു കരുതുന്നു. ഒരു ഭക്തയായ സ്ത്രീയുണ്ടായിരുന്നു. അതിമനോജ്ഞമായ രണ്ടു ചിത്ര

ങ്ങളായിരുന്നു അവരുടെ സ്വകാര്യമുറിയുടെ അലങ്കാരം. അവ യിൽ ഒന്നു ചരിത്രപ്രസിദ്ധനായ അലക്സാണ്ടർ മഹാൻ അഖില ലോകത്തേയും തന്റെ കരങ്ങളിൽ വഹിക്കുന്നതും, മറേറതു്, വി. ളൂയിസ്സ് ഗൊൺസാഗൊ ലോകത്തെ തന്റെ പാദത്തിൻ കീഴാക്കി ചവുട്ടി മെതിക്കുന്നതുമായിരുന്നു. ഇവരിൽ ഒന്നാമൻ അദ്ദേഹം ജയിച്ചടക്കിയ ലോകത്താൽ ജിതനായി. അപരൻ ലോകത്തെ പരിപൂൎണ്ണമായി ജയിച്ചു, തന്റെ അധീനത്തിലാക്കി. സ്വൎഗ്ഗപ്രവേശത്തിനുള്ള കോവണിയായിട്ടുമാത്രം ലോകത്തെ അദ്ദേഹം പരിഗണിച്ചു. എന്നാൽ വി. ളൂയിസിനെ പ്രശംസാവഹവും സനാതനവുമായ ഈ വിജയരഹസ്യം ആരാണ് പഠിപ്പിച്ചതു് ? ലോകത്തിന്റെ യഥാൎത്ഥനാഥനും, സാക്ഷാൽ രാജാധിരാജാവും, റോമ്മിലെ വി. പത്രോസിന്റെ പള്ളിയുടെ കവാടത്തിങ്കൽ "മിശിഹാ ജയിക്കുന്നു, മിശിഹാ ഭരിക്കുന്നു, മിശിഹാ ആജ്ഞാപിക്കുന്നു." എന്നു ആരേക്കുറിച്ചു എഴുതപ്പെട്ടിരിക്കുന്നുവോ, ആ അഖിലലോകസാമ്രാട്ടും, സൎവ്വലോകത്തിന്റെയും, വിശിഷ്യ പ്രകൃതത്തിൽ യുവലോകത്തിന്റെ ആദൎശവുമായ മിശിഹാതന്നെയത്രെ ഈ വിശിഷ്ടപാഠം അദ്ദേഹത്തെ ഉൽബോധിപ്പിച്ചതു്.

ആയതിനാൽ നമ്മുടെ യുവലോകം യുവാവായ മിശിഹായെ, മനുഷ്യദൈവമായ മിശിഹായെ അവരുടെ മാൎഗ്ഗദൎശിയും മാതൃകാപുരുഷനുമായി സ്വീകരിക്കട്ടെ. "ഞാൻ ആൽഫായും, ഓമിഗായും, അതായതു ആദിയും അന്തവുമാകുന്നുവെന്നു. കൎത്താവു് പറയുന്നു: അവിടുന്നു് ആകുന്നവനും, ആയവനും, ആകുവാനിരിക്കുന്നവനുമായ സൎവ്വശക്തനാകുന്നു." (അപ്പ. ൧. ൧.) മിശിഹാ നമ്മുടെ ജീവിതാന്ത്യവും നമ്മുടെ മരണശേഷം നമ്മുടെ സമ്മാനദായകനുമാകുന്നതിനു നാം കാംക്ഷിക്കുന്നെങ്കിൽ നമ്മുടെ ജീവിതാരംഭത്തെ അവിടുന്നുതന്നെ ക്രമീകരിക്കണം. നമ്മുടെ യൗവനദശയെ അവിടുന്നു വിശുദ്ധീകരിക്കണം. നമ്മുടെ ശൈശവത്തിലും കൌമാരത്തിലും അവിടുന്നു നമ്മുടെ ജീവസൎവ്വസ്വവുമായിരിക്കണം. എന്തെന്നാൽ "അങ്ങിൽ നാം ജീവിക്കുകയും, ച

ലിക്കുകയും, സ്ഥിതിചെയ്യുകയും" (നട. ൧൭. ൨൮.) ചെയ്യുന്നു. ആദ്യഫലങ്ങളെ തന്റേക്കുതന്നെ സമപ്പിക്കണമെന്നു അവിടുന്നു ഇസ്രായേൽ ജനതതിയോടു നിഷ്കഷിച്ചെങ്കിൽ മനുഷ്യന്റെ സ്വാതന്ത്ര്യബുദ്ധിയുടെ ആദ്യഫലങ്ങളെയും മാനുഷികമനസ്സിന്റെ പ്രഥമചലനങ്ങളെയും മനുഷ്യഹൃദയത്തിന്റെ വ്യാമോഹങ്ങളെയും അങ്ങേക്കുതന്നെ സമപ്പിതമാകുന്നതിനു അവിടുന്നു കാംക്ഷിക്കുന്നു. ഇങ്ങനെ നാം വിശാലഹൃദയത്തോടെ അങ്ങെയോടു പ്രവത്തിക്കുന്നപക്ഷം അവിടുന്നു നമ്മുടെ യൌവനദശയെ അങ്ങെ ദൈവികാശിസ്സുകളാൽ സമ്പന്നമാക്കാതിരിക്കയില്ല. "ആകയാൽ യുവാവേ, യുവതിയേ, നിന്റെ യൌവനത്തിൽ നീ ആഹ്ളാദിക്കുക. ഭയപ്പെടേണ്ടാ, ഞാൻ നിന്റെ സംരക്ഷകനും, നിന്റെ വലിയ സമ്മാനവുമാകുന്നു." (പ്രാ ൧൧. ൯.)

യുവകേസരികളായ വി. ളൂയിസു ഗൊൺസാഗോ, വി. സ്തനിസ്ലാവോസു കോസ്കാ, എന്നിവരെപ്പോലെയും, യുവതീരത്നങ്ങളായ വി. അഗ്നേസ്, വി. ത്രേസ്യാ എന്നിവരെപ്പോലെയും, നമ്മുടെ യുവതീയുവാക്കന്മാർ മിശിഹായെ അവരുടെ ആദശപുരുഷനായി വരിക്കട്ടെ. "നാം ഒരിക്കൽമാത്രമെ യുവതികളും യുവാക്കന്മാരുമായിരിക്കുന്നുള്ളു." ആകയാൽ ആ ദശ വളരെ ഉപയുക്തമായി വിനിയോഗിക്കാം. നമ്മുടെ ഭാവിജീവിതത്തിൽ നമ്മുടെ യൌവനദശയെ ശരിയായി വിനിയോഗിച്ചതിനെപ്പററി നമുക്കു പ്രശംസിക്കുന്നതിനിടയാകട്ടെ. നമ്മുടെ യൌവനദശയെ നമുക്കു പ്രദാനംചെയ്ത ദൈവത്തിനുതന്നെ നമുക്കു അതു സമപ്പിക്കാം. നമ്മുടെ ആദ്യപ്രണയത്തിന്റെ വിഷയം മനുഷ്യദൈവമായ മിശിഹായായിരിക്കണം. നമ്മുടെ സകല വികാരങ്ങളുടെയും കേന്ദ്രം അദ്ദേഹംതന്നെയായിരിക്കട്ടെ. വേറെ യാതൊരുത്തൎക്കും നമ്മുടെ യൌവനദശയെ സന്തോഷിപ്പിക്കുന്നതിനു ശക്യമല്ല.

# മോഷ്ടിക്കപ്പെട്ട കഴുത.

ഒരിക്കൽ ഒരു പാവപ്പെട്ട കൃഷീവലൻ അൾജേറിയായിൽ ഓറാൻ എന്ന നഗരത്തിലേക്കുള്ള രാജപാതയിൽക്കൂടി സഞ്ചരിക്കയായിരുന്നു. ഒരു കഴുതയെ ബന്ധിച്ചിട്ടുള്ള ഒരു കയറിന്റെ അററം ഒരു വളയത്തിന്മേൽ കെട്ടി അതു അയാളുടെ കൈത്തണ്ടിന്മേൽ ഇട്ടിരിക്കുന്നു. രണ്ടു അറബിമോഷ്ടാക്കൾ ആദ്യം അകന്നും പിന്നീടു അടുത്തും ഇയാളെ അനുഗമിച്ചുതുടങ്ങി.

"ഞാൻ അയാളുടെ കഴുതയെ അഴിച്ചുവിടുവാൻ പോകയാണു്," എന്നു അവരിൽ ഒരാൾ പറഞ്ഞു.

"അഴിച്ചുവിടുവാൻ പോകയാണോ ? അതു താൻ എങ്ങിനെയാണു് സാധിക്കുക ? " എന്നു കൂട്ടുകാരൻ ചോദിച്ചു.

"എന്നെ പിന്തുടൎന്നു ഞാൻ പറയുന്നതുപോലെ ചെയ്യുക. എല്ലാം ഞാൻ ശരിയാക്കിതരാം" എന്നു ഒന്നാമൻ ധൃതിയിൽ നടന്നുകൊണ്ടു പറഞ്ഞു.

ആ അറബിശബ്ദമുണ്ടാക്കാതെ കഴുതയുടെ അടുത്തു ചെന്നു അതിന്റെ കഴുത്തിൽ കിടന്ന വളയം സൂത്രത്തിൽ ഊരി തന്റെ കഴുത്തിൽ ഇട്ടുകൊണ്ടു കൂട്ടുകാരനോടു കഴുതയേയുംകൊണ്ടു പൊയ്ക്കൊള്ളുവാൻ ആംഗ്യം കാണിച്ചു. കഴുതയെ ഒരു സ്ഥലത്തു എത്തിക്കുന്നതുവരെ അയാൾ കൃഷീവലനെ അനുഗമിക്കതന്നെ ചെയ്തു.

അതുകഴിഞ്ഞു അയാൾ പെട്ടെന്നുനിന്നു. കഴുതയുടെ സ്വഭാവം നല്ലപോലെ അറിവുള്ള കൃഷീവലൻ കഴുത വരാതെയായപ്പോൾ അതിനെ വലിച്ചുതുടങ്ങി. എന്നിട്ടും വരുന്നില്ലെന്നുകണ്ടപ്പോൾ അയാൾ പിറകോട്ടു തിരിഞ്ഞു നോക്കി. തന്റെ കൈത്തണ്ടിൽ കിടന്ന കയറിന്റെ അററത്തു കഴുതക്കു പകരം ഒരു മനുഷ്യനെക്കണ്ടപ്പോൾ അയാൾ സ്തംഭിച്ചു നിന്നുപോയി.

"താൻ ആരാണു് ? എന്റെ കഴുത എവിടെയാണു് ? " എന്നു അയാൾ അത്ഭുതപരവശനായി ചോദിച്ചു.

"എജമാനനേ, ഞാൻ നിങ്ങളുടെ കഴുതയാണെന്നു ഉറപ്പു പറഞ്ഞുകൊള്ളുന്നു. എന്റെ വിസ്മയവഹമായ കഥ നിങ്ങൾ കേൾക്കേണ്ടതുതന്നെയാണു്. എനിക്കു വൃദ്ധയായ ഒരു മാതാവു

ണ്ട്. ഒരു ദിവസം ഞാൻ മദ്യപാനം ചെയ്തു വീട്ടിൽ ചെന്നു അമ്മയെ ബഹുമാനിക്കാതെയിരുന്നു. അപ്പോ അമ്മ എന്നോട്: "എന്റെ മകനേ, നീ ഒരു നല്ല പുത്രനെപ്പോലെയല്ല ചെയ്തിരിക്കുന്നത്. അതുകൊണ്ടു നീ പ്രായശ്ചിത്തം ചെയ്യണം." എന്നു പറഞ്ഞു. ഞാൻ അപ്പോ അവളുടെനേരെ എന്റെ മുഷ്ടി ഉയർത്താൻ ധൈര്യപ്പെട്ടു. ഉടനെതന്നെ – എന്തു അത്ഭുതമാണെന്നു എനിക്കറിഞ്ഞുകൂടാ – ഞാൻ ശിക്ഷിക്കപ്പെട്ടു. ഞാൻ ഒരു കഴുതയായിത്തീൎന്നു. വിധിവൈഭവത്താൽ ഞാൻ നിങ്ങളുടെ കൈവശത്തിൽ വന്നുചേരുകയും ഈ കാലമെല്ലാം ഞാൻ നിങ്ങളോടുകൂടെ ജീവിക്കുകയുംചെയ്തു. അമ്മേ എന്റെ ഈ ദീൎഘകാലത്തെ പ്രായശ്ചിത്തം കണ്ടു എന്നോടു അലിവുതോന്നി ഇന്നു ഞാൻ ഇങ്ങിനെ വീണ്ടും മനുഷ്യനായിത്തീൎന്നതാണ്." എന്നു ആ കള്ളൻ മറുപടി പറഞ്ഞു.

ഈ സമയമെല്ലാം കൃഷീവലൻ അത്യാശ്ചൎയ്യത്തോടെ വാപൊളിച്ചു, കണ്ണുമിഴിച്ചുകൊണ്ടുനിന്നു. കള്ളൻ അവസാനിപ്പിച്ചപ്പോ ആ പാവപ്പെട്ടവൻ അത്ഭുതപരതന്ത്രനായി "സഹോദരാ, ഞാൻ, നിങ്ങൾ ഒരു കഴുതയാണെന്നു വിചാരിച്ചു ഇങ്ങിനെയെല്ലാം ചെയ്തതിനു മാപ്പ് അപേക്ഷിക്കുന്നു. ഞാൻ നിങ്ങളെ കഠിനമായി ശിക്ഷിക്കയും വേദനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിങ്ങൾ ഒരു മനുഷ്യനാണെന്നു ഒരുവിധത്തിലും എനിക്കറിവില്ലാഞ്ഞതുകൊണ്ടു ഞാൻ അങ്ങിനെ ചെയ്തതാണെന്നു നിങ്ങൾക്കറിയാമല്ലോ." എന്നു പറഞ്ഞുകൊണ്ടു അറബിയുടെ കഴുത്തിൽനിന്നും കുടുക്കമാററി. അവൻ ഉടൻതന്നെ ഓടി രക്ഷപ്രാപിക്കയുംചെയ്തു.

കൎഷകൻ ഈ അസാധാരണ സംഭവത്താൽ ദുഃഖിതനായി അവിടെനിന്നും മെല്ലെ സ്വഭവനത്തിലേയ്ക്കു തിരിച്ചു.

അയാൾ അവിടെച്ചെന്നു കയറിയപ്പോ ഭാൎയ്യ: "നിങ്ങളുടെ മുഖം വാടിയിരിക്കുന്നതെന്താണ്? നിങ്ങൾക്കു എന്തു സംഭവിച്ചു. നമ്മുടെ കഴുത എവിടെയാണ്?" എന്നു ചോദിച്ചു.

"നമ്മുടെ കഴുതയോ? ഹ! അതിന്റെ കഥ പറയാതിരി

ക്കുകയാണ് ഭേദം." എന്നൊരു മുഖവുരയോടുകൂടി അയാൾ സംഭവമെല്ലാം വിവരിച്ചു ഭാര്യയെ കേൾപ്പിച്ചു.

"ഒ്ഹ ! ഇങ്ങിനെയാണോ സംഭവിച്ചത് ? ഒരു മനുഷ്യനെക്കൊണ്ടു ഒരു മൃഗത്തെപ്പോലെ ഇക്കണ്ട കാലമെല്ലാം നാം വേല ചെയ്യിപ്പിച്ചു ! മഹാപാപം !" എന്നു അയാളെപ്പോലെ തന്നെ ശുദ്ധഗതിയായ അയാളുടെ ഭാര്യ പറഞ്ഞു.

വിസ്മയഭരിതനായ ഭർത്താവു യാതൊരു ജോലിയും ചെയ്യാതെ ചിന്താമഗ്നനായി അനേക ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി.

ഒടുവിൽ ഭാര്യ: "ഇങ്ങിനെയായാൽ പന്തിയാവില്ല. നിങ്ങൾ ചന്തയിൽ പോയി ഒരു കഴുതയെ വാങ്ങിക്കൊണ്ടുവരിക. നമുക്കു അതിനെക്കൊണ്ടു ജോലിചെയ്യിക്കാം." എന്നു ഭർത്താവിനോടു സവിനയം പറഞ്ഞു.

ഭാര്യയുടെ ഉപദേശമനുസരിച്ചു അയാൾ ചന്തക്കു പോയി കഴുതകളെ പരിശോധിച്ചു. അക്കൂട്ടത്തിൽ അയാൾക്കു നഷ്ടപ്പെട്ട കഴുതയേയും അയാൾ അവിടെ കണ്ടു. ഉടൻതന്നെ അയാൾ അതിൻെറ അടുക്കൽ ചെന്നു അതിൻെറ ചെവിയിൽ സഗൌരവം: "ഹാ ! മഹാ പാപി ! നീ കള്ളു കടിച്ചു വീണ്ടും നിൻെറ അമ്മയെ തല്ലിയതുകൊണ്ടു രണ്ടാമതും നീ കഴുതയായി തീൎന്നു. ഇനി നിന്നെ വാങ്ങാതിരിപ്പാൻ ഞാൻ സൂക്ഷിച്ചുകൊള്ളാം." എന്നു പറഞ്ഞു.

അയാൾ പറഞ്ഞവസാനിപ്പിച്ചപ്പോൾ ഒരു പൊട്ടിച്ചിരി അയാളുടെ പുറകിൽനിന്നും കേട്ട് അയാൾ തിരിഞ്ഞുനോക്കി. അല്പം അകലെയായി അയാൾ രണ്ടു അറബികൾ നില്ക്കുന്നതായി കണ്ടു. അവർ ഉടനെ അപ്രത്യക്ഷരായിയെങ്കിലും പ്രഥമദൃഷ്ടിയിൽതന്നെ കഴുതയായിത്തീൎന്ന കള്ളൻ അവരിലൊരുത്തനാണെന്നു അയാൾക്കു മനസ്സിലായി. കൎഷകൻ ഒരു സാധുവായിരുന്നെങ്കിലും അത്ര വിഡ്ഢിയായിരുന്നില്ല. അയാളെ അവർ കബളിപ്പിച്ചതാണെന്നു അയാൾക്കു ഉടൻ മനസ്സിലായി.

അല്പമെങ്കിലും താമസിക്കാതെ അയാൾ കഴുതയെയുംകൊണ്ടു മജിസ്ട്രേട്ടിൻെറ അടുക്കൽ എത്തി വിവരമെല്ലാം അദ്ദേഹ

ത്തെ ഗ്രഹിപ്പിച്ചു. ഒരു മണിക്കൂറിനകം കൃഷകൻ കഴുതയേയും കൊണ്ടു വീട്ടിലേക്കു തിരിച്ചു. അറബിക്കള്ളന്മാർ തങ്ങളുടെ പൊട്ടിച്ചിരിക്കു സമ്മാനമായി കാരാഗൃഹവാസം കൈവരിച്ചു.

## കുടുംബജീവിതം.

### I

മനുഷ്യസമുദായങ്ങളുടെയും, ജാതികളുടെയും, സാമ്രാജ്യങ്ങളുടെയും ഉല്പത്തിസ്ഥാനം കുടുംബമത്രെ. അനേകം കുടുംബങ്ങളുടെ വിവിധ ഘടനയിൽ നിന്നാണു് അവ ഓരോന്നും ഉളവാകുന്നതു്. കുടുംബം സഭയുടെയും രാഷ്ട്രത്തിന്റെയും അടിസ്ഥാനമെന്നു നമുക്കു നാമകരണം ചെയ്യാം. ഇതിൽനിന്നു ലോകസമക്ഷം കുടുംബത്തിനുള്ള സ്ഥാനവും വിലയും എത്ര ശ്രേഷ്ഠമെന്നു സുഗ്രാഹ്യമാകുന്നു.

മനുഷ്യസമുദായങ്ങൾക്കു ന്യായമായ അഭിവൃദ്ധിയും, സംസ്കാരവും, ഭാഗ്യാനുഭൂതിയും സിദ്ധമാകണമെങ്കിൽ അവയുടെ അടിസ്ഥാനമായ കുടുംബവും അതിന്റെ മൂലക്കല്ലായ വൈവാഹികബന്ധവും അലംഘനീയമായി കാക്കയും സുരക്ഷിതമായി പരിപോഷിപ്പിക്കുകയും ചെയ്യുവാൻ ആവശ്യമാകുന്നു. അടിസ്ഥാനം തകർന്നുപോയാൽ എത്ര വമ്പിച്ച മാളികയും നിലംപതിക്കുകതന്നെ ചെയ്യും.

ആധുനിക പരിഷ്കാരം കുടുംബജീവിതത്തെയും വൈവാഹിക ബന്ധത്തെയും സ്വാതന്ത്ര്യത്തിന്റെയും ശാസ്ത്രത്തിന്റെയും നാമം പറഞ്ഞുകൊണ്ടു എത്രമാത്രം അലങ്കോലപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നു നാം പ്രതിദിനം കാണുന്നു. തദ്വാരാ സമാധാനവും സൗഭാഗ്യവും കരഗതമാകുകയല്ല ചെയ്യുന്നതു്, പ്രത്യുത ജീവിതരംഗത്തിൽനിന്നു വിപാടനം ചെയ്യപ്പെടുന്നു എന്നു ലോകചരിത്രം സാക്ഷ്യം വഹിക്കുന്നു.

വമ്പിച്ച റോമൻ സാമ്രാജ്യവും അതിൻെറ പരിഷ്കാര സൗധങ്ങളും വിഷയാസക്തി പ്രവാഹത്തിൽ ഉൾപ്പെട്ടു എങ്ങിനെ നാമാവശേഷമായിപ്പോയി എന്നു സമുദായനേതാക്കന്മാരും അംഗങ്ങളും മനസ്സിലാക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. വിവാഹമോചനം, ജനനനിയന്ത്രണം ആദിയായ വഴിപിഴച്ച ദുരാചാരങ്ങൾ എവിടെയും സ്വീകാര്യങ്ങളായി ഘോഷിക്കപ്പെട്ടുവരുന്നു. മനുഷ്യസമുദായത്തെ ബാധിച്ചിരിക്കുന്ന ഈദൃശ വിപത്തിനെ പരിഹരിക്കുന്നതിനും കുടുംബജീവിതം ദൈവനിർദ്ദേശിതമായ പന്ഥാവിൽക്കൂടി നയിക്കുന്നതിനും സർവ്വലോകത്തെയും ഉൽബോധിപ്പിച്ചുകൊണ്ടു ന. പരി. പിതാവു ൧൧-ാം പീയൂസ് മാർപ്പാപ്പാ പാവനമായ വൈവാഹിക ബന്ധത്തെ (Casti Connubii) പുരസ്കരിച്ചു ഇതിനകം പ്രസിദ്ധപ്പെടുത്തിയ ചാക്രികലേഖനം ആദ്ധ്യാത്മിക അന്ധതയിൽ ആണ്ടുകിടക്കുന്ന ലോകത്തിനു സത്യത്തിൻെറ ധാർമ്മികപ്രകാശം നൽകുന്ന ഒരു ദീപസ്തംഭമായി പരിലസിക്കുന്നു എന്നു കത്തോലിക്കേതരന്മാരും അക്രൈസ്തവരുംകൂടി അനുസരിച്ചു പറയുന്നു. കുടുംബജീവിതം കൈവരിക്കുന്നവർ ഒരിക്കലല്ല പലപ്പോഴും വായിച്ചു ഹൃദിസ്ഥമാക്കേണ്ടുന്ന ഒരു വിശിഷ്ട പ്രബോധനഗ്രന്ഥമാണ് അത്. കൂടാതെയും, കുടുംബജീവിതത്തിൽ അവശ്യാവശ്യമായ വിശുദ്ധിയും വിജയവും സംപ്രാപ്യമാകുവാൻവേണ്ടി കഴിഞ്ഞ മാസത്തിൽ തിരുഹൃദയഭക്തന്മാർ ക്രിസ്തീയ വിവാഹത്തിൻെറ വിശുദ്ധീകരണത്തിനായി ഏകോപിച്ചു പ്രാർത്ഥിക്കണമെന്നു ആ പുണ്യശ്ലോകൻ നമ്മോടു ആജ്ഞാപിക്കുകയുണ്ടായി. ഇതിനും പുറമെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രതിവാരം നിശ്ചിത ദിവസങ്ങളിൽ നവദമ്പതിമാരെ സസന്തോഷം സ്വീകരിച്ചു അവരുടെ അലംഘനീയമായ വൈവാഹികബന്ധം അനുഗ്രഹിക്കയും അവർക്കു സദുപദേശങ്ങളും പൈതൃക സമ്മാനങ്ങളും നൽകുകയും ചെയ്തുകൊണ്ടുവരുന്നു. ഇററലിയിലെ കിരീടാവകാശിയായ രാജകുമാരനും, ഈ ദിവസങ്ങളിൽ സ്പെയിനിലെ രാജകുമാരിയും അവരുടെ വിവാഹകർമ്മങ്ങൾ കഴിഞ്ഞശേഷം ഉടനെ വത്തിക്കാ

നിൽ എത്തി പരി. പിതാവിൻെറ ആശിസ്സു വാങ്ങിയ വിവരങ്ങൾ എല്ലാവരും അറിഞ്ഞിട്ടുള്ളതാണല്ലോ.

നമ്മുടെ ഇടയിൽ വൈവാഹിക ബന്ധത്തിൻെറ പരിശുദ്ധിയും കുടുംബജീവിതത്തിൻെറ ഉദ്ദേശവൈപുല്യവും ആദരിക്കപ്പെടുന്നുണ്ടെന്നു കാണുന്നതു അഭിമാനജനകമാണ്. എങ്കിലും മാതൃകായോഗ്യമായ കത്തോലിക്ക കുടുംബങ്ങൾ, ഒരുപക്ഷെ നാം ചിന്തിക്കുന്നതുപോലെ, അത്ര അധികം കാണുമോ എന്നു സംശയിക്കുന്നു. എത്ര കുടുംബങ്ങളാണ് സമാധാനവും സൗഭാഗ്യവും കൈവെടിഞ്ഞു നാനാതരക്ലേശപീഡകളിൽ ഉൾപ്പെട്ടുഴലുന്നതു് ! ഇതിനുള്ള ഹേതുഭൂതന്മാർ കുടുംബാംഗങ്ങളല്ലാതെ മററാരാണ് ? ആകയാൽ നമ്മുടെ കുടുംബജീവിതത്തിലുള്ള വിവിധങ്ങളായ ന്യൂനതകൾ പരിഹരിക്കുന്നതിനും ആധുനിക പരിഷ്കാരത്തിൻെറ ഗാംഭീര്യനാദം മുഴക്കിക്കൊണ്ടു വൈവാഹിക ജീവിതത്തിൻെറ ഉദ്ദേശത്തിനുകൂടിയും വിരുദ്ധമായി ലോകമെങ്ങും പ്രത്യക്ഷപ്പെട്ടുവരുന്ന അധാർമ്മിക നടപടികൾക്കു വഴിപ്പെടാതെ ദൈവമക്കൾക്കു അനുയോജ്യമായവിധം ജീവിതം നയിക്കുന്നതിനും എല്ലാവരും സവിശേഷം ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു.

"എൻെറ പ്രേമഭാജനങ്ങളേ, നിങ്ങൾ വക്രതയും കുടിലതയുമുള്ള ജനങ്ങളുടെമദ്ധ്യേ നിഷ്കളങ്കരും ദൈവത്തിൻെറ യഥാർത്ഥപുത്രരുമായി കുററാരോപണത്തിനു അധീനരാകാതെ ജീവിപ്പിൻ. നിങ്ങൾ ലോകത്തിൽ ദീപങ്ങൾക്കു സമാനം അവരുടെ മദ്ധ്യേ പ്രകാശിക്കുവിൻ." (പീലി. ഫ.) "അന്ധകാരത്തിൽനിന്നു തൻെറ അത്ഭുതാവഹമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചു അവിടത്തെ സുകൃതങ്ങൾ പ്രത്യക്ഷമാക്കുവാൻവേണ്ടി നിങ്ങൾ രാജിതത്തിനു പരിപകപമായി തെരഞ്ഞെടുക്കപ്പെട്ട ജനവും, വിശുദ്ധ ജാതിയും, വീണ്ടെടുക്കപ്പെട്ട സമൂഹവുമാകുന്നു." (൧. പത്രോ. ൨. ൯.) എന്നു ശ്ലൈഹിക പ്രമുഖർ നൽകിയിട്ടുള്ള ഗുരുതരമായ ഉപദേശങ്ങൾ പ്രകൃതത്തിൽ സ്മരണീയങ്ങളാകുന്നു.

'കുടുംബദീപം' പ്രസിദ്ധപ്പെടുത്തുന്നതിൽ ഞങ്ങൾക്കുള്ള അഭിലാഷം അതു കുടുംബജീവിതത്തിന്റെ വിവിധ ദശകളിൽ ഏവൎക്കും മാൎഗ്ഗദൎശനം നൽകി സമുദായസേവനം ചെയ്യണമെന്നുള്ളതാണ്. ഏതദ്വിഷയത്തിൽ മാന്യമിത്രങ്ങളുടെ പ്രേരണയനുസരിച്ചു ഞങ്ങൾ 'കുടുംബജീവിതം' എന്ന അഭിധാനത്തിൽ പ്രസിദ്ധം ചെയ്യുന്ന ലേഖനങ്ങൾ ഏവൎക്കും ഫലസമ്പൂൎണ്ണങ്ങളായി ഭവിക്കട്ടെ.

F. J.

## ആഴ്ച കണ്ടുപിടിക്കാനുള്ള

# ഒരു എളുപ്പമായ മാൎഗ്ഗം.

ഒരു തീയതി ഏതു് ആഴ്ചയിൽ വരുമെന്നു അറിയുവാൻ ഒരു സുഗമ മാൎഗ്ഗം ഗ്രഹിച്ചിരിക്കുന്നതു് എല്ലാവൎക്കും പ്രയോജനകരമാകാതിരിക്കയില്ല. ഇതിലേക്കു ആദ്യമായി മാസത്തിനും ആഴ്ചയ്ക്കും ഓരോ സാങ്കേതിക സംഖ്യകൾ കല്പിക്കുകയാകുന്നു. ഈത്തരം സംഖ്യകൾ ഓരോ ശതാബ്ദങ്ങൾക്കും പ്രത്യേകമാണു്.

൧൯-ാം നൂററാണ്ടിലേക്കുള്ള സംഖ്യകൾ.

| | | | |
|---|---|---|---|
| ജനുവരി | ൦ | ജൂലൈ | ൬ |
| ഫെബ്രുവരി | ൩ | ആഗസ്റ്റ് | ൨ |
| മാൎച്ച് | ൩ | സെപ്ററമ്പർ | ൫ |
| ഏപ്രിൽ | ൬ | ഒക്ടോബർ | ൦ |
| മേ | ൧ | നവ്മ്പർ | ൨ |
| ജൂൺ | ൪ | ഡിസമ്പർ | ൫ |

എന്ന അക്കങ്ങൾ മാസത്തിനും

| | | | |
|---|---|---|---|
| ഞായർ | ൫ | വ്യാഴം | ൨ |
| തിങ്കൾ | ൬ | വെള്ളി | ൩ |
| ചൊവ്വ | ൦ | ശനി | ൪ |
| ബുധൻ | ൧ | | |

എന്ന അക്കങ്ങൾ ആഴ്ചയ്ക്കും കൊടുത്തിരിക്കുന്നു. ഇനി ഏതു തീയതിക്കും ആഴ്ച കണ്ടുപിടിക്കാനുള്ള മാർഗ്ഗം പറയാം.

൧. മാസത്തിൻെറ തീയതി.

൨. മാസത്തിൻെറ സാങ്കേതികസംഖ്യ.

൩. ൧൮൦൦-നു ശേഷമുള്ള വത്സരസംഖ്യ.

൪. ൧൮൦൦-നു ശേഷമുള്ള അധിവർഷസംഖ്യ.

ഇവയെ കൂട്ടി ഏഴുകൊണ്ടു ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം ഏതു് ആഴ്ചയുടെ സങ്കല്പസംഖ്യയോ അതാണു് പ്രശ്നഫലം.

ഇതിനെ ചില ഉദാഹരണങ്ങൾകൊണ്ടു വിശദീകരിക്കാം.

൧൮൯൪ മാർച്ച് ൨൫-ാംതിയതി ഏതു ആഴ്ചയിലായിരുന്നു?

| | |
|---|---|
| ൧. മാസത്തീയതി | ൨൫. |
| ൨. മാർച്ച്മാസത്തിൻെറ സാങ്കേതികം | ൩. |
| ൩. ൧൮൦൦-നുശേഷം വർഷം | ൯൪. |
| ൪. ൧൮൦൦-നുശേഷം അധിവർഷം | ൨൩. |
| | ൧൪൫ |

ഈ തുകയെ ൭ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ൫ ആകയാൽ ആഴ്ച ഞായർതന്നെ.

൧൮൯൩ മാർച്ച് ൪ ന്

൪, ൩, ൯൩, ൨൩ ഇതുകളുടെ തുക ൭ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ൪ ആകയാൽ ആഴ്ച ശനിയാണു്.

൨൦-ാം ശതാബ്ദത്തിലെ ഏതെങ്കിലും ഒരു ആഴ്ച കാണുന്നതിനും ഇപ്രകാരംതന്നെ ചെയ്താൽമതി. എന്നാൽ ആഴ്ചയുടെ സാങ്കേതികസംഖ്യകൾക്കു അല്പം വ്യത്യാസം ചെയ്യണം. അതായതു

| | | | |
|---|---|---|---|
| ഞായർ | ൦ | വ്യാഴം | ൪ |
| തിങ്കൾ | ൧ | വെള്ളി | ൫ |
| ചൊവ്വ | ൨ | ശനി | ൬ |
| ബുധൻ | ൩ | | |

മാസസംഖ്യകൾ പഴയതുതന്നെ.

അനന്തരം ൧൯൨൪ ഡിസമ്പർ ൨൦-ാം തീയതി ഏതു ആഴ്ചയിലാണെന്നു നോക്കാം.

ആഴ്ച കണ്ടുപിടിക്കാനുള്ള ഒരു എളുപ്പമായ മാർഗ്ഗം ൧൧൯

൨൦, ൫, ൨൪, ൩ ഇവകളുടെ തുക ൭ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ൩ ആകയാൽ ആഴ്ച ശനിയാണ്.

അഞ്ചാംശതാബ്ദംമുതൽ ഇരുപതാം ശതാബ്ദംവരെയുള്ള ഏതു തീയതിക്കും ഇങ്ങിനെ ആഴ്ച കണ്ടുപിടിക്കാവുന്നതാണ്. മിക്കവാറും എല്ലാ നൂററാണ്ടുകൾക്കും മാസങ്ങളുടെ സാങ്കേതിക സംഖ്യ ഒന്നുതന്നെയാകുന്നു. ആഴ്ചകളുടെ സംഖ്യ അല്പാല്പം വ്യത്യാസപ്പെട്ടിരിക്കും.

അധിവർഷ (leap year) ത്തെക്കുറിച്ചും അല്പം ഇവിടെ പ്രസ്താവിക്കേണ്ടതു് ആവശ്യമായിരിക്കുന്നു. ഒരു ആണ്ടിനു ൩൬൫ ദിവസവും ൫ മണിക്കൂറും ൪൮ മിനിററും ൪൬ സെക്കണ്ടുമുണ്ട്. എന്നാൽ ഒരാണ്ടിനു വെറും ൩൬൫ ദിവസം മാത്രം കണക്കുകൂട്ടുമ്പോൾ ബാക്കിയുള്ളതു ഒഴിഞ്ഞുപോകുന്നതുകൊണ്ടു ഈ വ്യത്യാസം ശരിയാകുവാൻ നന്നാലു വർഷം കൂടുമ്പോൾ നാലാം വർഷത്തിനു ഒരു ദിവസം അധികം ചേർത്തു ഇങ്ങിനെ ൩൬൬ ദിവസം ഉണ്ടെന്നു കണക്കു കൂട്ടുന്നു. ഈ ഒരു ദിവസം മാസങ്ങളിൽവെച്ചു കുറച്ചു ദിവസമുള്ള ഫെബ്രുവരിയോടു ചേർക്കുന്നു. എങ്കിലും മേല്പറഞ്ഞപ്രകാരം ഒഴിഞ്ഞു പോകുന്ന ആ സമയം നാലു വർഷം കൊണ്ടു ഒരു ദിവസം ആകയില്ല. അതുകൊണ്ടു നന്നാലു വർഷം കൂട്ടുമ്പോൾ ഒരു ദിവസം കയററിയാൽ അല്പം അധികമായിപ്പോകും. ആ അധികസമയം ൧൨൮ വർഷം കൊണ്ടു ഒരു ദിവസമായിത്തീരും. എന്നാൽ ഫെബ്രുവരിക്കു ൨൯ ദിവസം വരുന്ന ആ അധിവർഷം ഏതെന്നറിവാൻ വർഷസംഖ്യയെ ൪ കൊണ്ടു ഹരിക്കണം. ശിഷ്ടമില്ലെങ്കിൽ അതുതന്നെ അധിവർഷമെന്നു ധരിച്ചുകൊള്ളണം. നൂററാണ്ടുകളെ ഇപ്രകാരം ഹരിച്ചാൽ ശരിയാകുന്നതല്ല. അതിനെ ൪൦൦ കൊണ്ടാണ് ഹരിക്കേണ്ടതു്. തന്നിമിത്തം ൧൭൦൦, ൧൮൦൦, ൧൯൦൦ എന്നീ കൊല്ലങ്ങൾ അധിവർഷങ്ങളല്ല.)

# ൯൦,൦൦൦—ത്തിൻെറ കഥ.

കഴിഞ്ഞ തുലാമാസത്തിൽ, യൂറോപ്പിൽ, ഹംഗറിരാജ്യത്തെ ഏഴപതിനായിരം ജനങ്ങളും വടക്കെ അമേരിക്കയിലെ ഇരുപതിനായിരം ജനങ്ങളും യാക്കോബായസഭയിൽ ചെന്നുവെന്നു ഇന്നാട്ടിലെ ചില പത്രങ്ങൾ പ്രസ്താവിച്ചിരുന്നു. ഇങ്ങിനെ ചേൎന്നവർ കത്തോലിക്കരായിരുന്നുവെന്നു പറഞ്ഞ പത്രങ്ങളുമില്ലാതില്ല. ഇങ്ങനെ ചേൎന്നവരു ഹംഗറി രാജ്യത്തിൽ ൬൦ പള്ളികളും വടക്കേ അമേരിക്കയിൽ ൫൯ പള്ളികളും പാരിസിൽ ൩ പള്ളികളും നിരവധി സമുദായസ്വത്തുക്കളുമുണ്ടെന്നും, ഇവൎക്കായി തെവേദോസിയസ് എസ്ഥപ്പാനോസ് എപ്പിസ്കുപ്പൊ എന്ന പേരിൽ ഒരു മെത്രാപ്പോലീത്തായെ യാക്കോബായ പാത്രിയൎക്കീസ് വാഴിച്ചുകൊടുത്തുവെന്നും പ്രസ്തുതപത്രങ്ങൾ പ്രസ്താവിച്ചിരിക്കുന്നു. ഈ മാനസാന്തരവാൎത്ത ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു കോട്ടയത്തുനിന്നും പുറപ്പെടുന്ന "സന്ദേശം" പത്രമാണ്. അതേത്തുടൎന്നു യാക്കോബായക്കാരുടെവക "സുറിയാനി സഭാമാസിക" "പൌരകാഹളം" മുതലായ പത്രങ്ങളിലും ഇതു പ്രസിദ്ധപ്പെടുത്തിയിരുന്നു.

ഈ വാൎത്തയുടെ വാസ്തവികതയിൽ ഞങ്ങൾക്കു് അന്നേ ബലമായ സംശയം തോന്നാതിരുന്നില്ല. അമേരിക്ക ഹംഗറി മുതലായ വൈദേശികരാജ്യങ്ങളിൽ ഇങ്ങനെയൊരു സംഭവം നടന്നെങ്കിൽ അതു മററാരുമറിയാതെ ഈ മലയാളത്തുള്ള ചിലർ മാത്രം അറിഞ്ഞുവെന്നതു വിശ്വാസ്യമായി തോന്നിയില്ല. മദ്രാസിൽനിന്നും പുറപ്പെടുന്ന "ഹിന്ദു" "മദ്രാസ് മെയിൽ" മുതലായ പത്രങ്ങളിൽ ഈ വാൎത്ത പ്രസിദ്ധപ്പെടുത്തിയിരുന്നെങ്കിലും അതു കേരളത്തിൽ നിന്നു ചിലർ റിപ്പോൎട്ടു ചെയ്തതുമാത്രമായിരുന്നുവെന്നതു പ്രത്യേകം പ്രസ്താവ്യമാണ്. വിദേശരാജ്യങ്ങളിൽ ഇങ്ങനെയൊരു സംഗതി സംഭവിച്ചിരുന്നെങ്കിൽ റോയിട്ടർ-കത്തോലിക്കസഭയ്ക്കെതിരായുള്ള പ്രസ്താവങ്ങൾ ചെയ്യുന്നതിൽ സൎവ്വസന്നദ്ധനായ റോയിട്ടർ—അതെപ്പററി എന്തെങ്കിലും പ്രസ്താവിക്കാതിരിക്കുകയില്ലായിരുന്നൊന്നും അതിനാൽ ഈ വാൎത്തയുടെ വാസ്തവികതയിൽ സംശയിക്കേണ്ടതുണ്ടെന്നും ഞങ്ങൾക്കു

തോന്നി. എങ്കിലും സംഗതികളുടെ യാഥാൎത്ഥ്യം ശരിയായി അറിഞ്ഞിട്ടുവേണം അതേപ്പററി എന്തെങ്കിലും പറയുവാനെന്നു കരുതിയാണു് അന്നു ഞങ്ങൾ മൌനം ദീക്ഷിച്ചതു്. യാഥാൎത്ഥ്യം അറിയുന്നതിനായി ഞങ്ങൾ ഹംഗറിയിലേയ്ക്കെഴുതുകയുണ്ടായി. അവിടെനിന്നു കിട്ടിയ മറുപടികളാണു് കീഴെ ചേൎക്കുന്നതു്.

**i.**

Budapesti, Eraekhelynokseg,
Archbishop's Palace.

*My dear Father,*

Miss Theresa Kubath overhanded me your interesting lines concerning the renunciation of 50,000 Catholic Hungarians to Jacobite Schism. May this perhaps seem profane to you, this communication caused general laughter in our Ordinariate-office. In Hungary the Jacobites are as unknown a set as tigers in the North Pole. I myself never saw one!

There never was a Bishop named Stephanos in our country. But there was a schismatical Greek priest called Stephanos Kalugan, repeatedly incarcerated and newly again arrested, a common swindler, but I think quite innocent about the Jacobites. Don't think he had any idea about their existence!

Our country is mainly Roman Catholic (67%). There are also several Protestant sects Calvinites, Lutherans, Unitarians, Baptists, numbering about 18–19% and Jews about 5%. Freedom of the Church sure, schools of Orders more than State schools, Government and Church on friendly foot, population especially devoted to the Holy Father.

I am indeed glad for being able to make this communications to you, and forward readily the permission

to make public use of my lines..............

Budapestini, die 28 Januarii 1635. Yours Faithfully, Frater in Christo

(sd.) Msgr. Dr. Julius Hevey, Secretary to the General Vicar.

ii.

Budepest, February 5th, 1935.

*Dear Monsignore,*

I hope you got my last as promptly as I despatched it. Monsignore Tiefenthaler, to whom we are indebted for the informations, was so kind to write to America for further particulars. He handed us over the letter he received. In the following I give you the translation:

"My dear friend, I am really ashamed not to have answered your kind letter before this, but in regard of the seriousness of the matter I could not do it sooner, although you said the question of the Jacobites was urgent. I did not want to reply in a flighty way, it not being my nature to do so.

"Your question surprised me the more so, as I have plenty of parishoners myself and—thanks to God!—never heard of Jacobites. On inquiry at Chicago, where are three Hungarian parishes, further at East-Chicago, Gary, and Southbend (adjoining towns) I can inform you, that the Jacobite schisma is not known there. I meet the parsons of the just mentioned towns often, they are my friends, I asked them specially and got but negative answers.

"Following their advice I wrote to several parsons of Pennsylvania and Ohio too. It will give you pleasure

to hear....with the same result........"

Gallerthergy, Sincerely Yours,
Budapest, Hungary. Mary de Pauer.

ഇതിൽ ഒന്നാമത്തെ കത്തു ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിലെ മെത്രാപ്പോലീത്തായുടെ അരമനയിൽനിന്നും അവിടത്തെ വികാരി ജനറാളിന്റെ സെക്രട്ടറി (൧൯൨൬ ജനുവരി ൨൭-ാംതീ-) അയച്ചിട്ടുള്ളതാണ്. ൯൦,൦൦൦ ഹംഗേറിയാക്കാർ യാക്കോബായസഭയിൻ ചേർന്നുവെന്നുള്ള പ്രസ്താവം കേട്ടതിൽ അവർക്കു ചിരിയുണ്ടായിയെന്നും, ഉത്തരധ്രുവത്തിൽ കടുവാകളെന്നപോലെ ഹംഗറിയിൽ അറിയപ്പെടാത്ത ഒരു കൂട്ടരാണ് യാക്കോബായക്കാരെന്നും, തുടരെത്തുടരെ തപ്പുശിക്ഷയനുഭവിക്കുകയും വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള ഒരു കുപ്രസിദ്ധവഞ്ചകനായ, ഗ്രീക്കു ശീശ്മയിൽപെട്ട, എസ്തപ്പാനോസ് കാലുഗൻ എന്നൊരു വൈദികനല്ലാതെ എസ്തപ്പാനോസ് എന്ന പേരോടുകൂടിയ ഒരു മെത്രാനേ അവിടെയില്ലെന്നും ആണല്ലൊ ആ കത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. രണ്ടാമത്തെ കത്തു ബുഡാപെസ്റ്റിലെ മേരി ഡെ പെയർ എന്ന വനിത അയച്ചിട്ടുള്ളതാണ്. അവർ മോൺ: ടിഫെൻതാലർ എന്ന വൈദികവര്യന്റെ ഒരു കത്തു ഉദ്ധരിക്കുകമാത്രമാണ് ചെയ്യുന്നത്. അമേരിക്കയിൽനിന്നു ൨൦,൦൦൦ പേർ യാക്കോബായസഭയിൽ ചേർന്നുവെന്ന പ്രസ്താവത്തിന്റെ യാഥാർത്ഥ്യമറിയുന്നതിനായി പ്രസ്തുത വൈദികൻ അങ്ങോട്ടു എഴുതിയിട്ടു കിട്ടിയ മറുപടിയാണ് ആ എഴുത്ത്. മൂന്നു ഹംഗേറിയൻ ഇടവകകളുള്ള ചിക്കാഗോയിലും, ഈസ്റ്റ് ചിക്കാഗൊ, ഗാരി, സൌത്ത്ബെൻഡ് മുതലായ സമീപനഗരങ്ങളിലും അന്വേഷിച്ചതിൽ അവിടെയെങ്ങും യാക്കോബായശീശ്മയെപ്പറ്റി കേട്ടിട്ടുള്ളവരില്ലെന്നും, മുൻപറഞ്ഞ സ്ഥലങ്ങളിലെ പാതിരിമാർക്കുപോലും നിശ്ചയമില്ലെന്നും, അവരുടെ നിർദ്ദേശപ്രകാരം പെനിസിൽവാനിയാ, ഓഹിയൊ മുതലായ സ്ഥലങ്ങളിൽ എഴുതിച്ചോദിച്ചിട്ടും അവർക്കു യാതൊരു അറിവുമില്ലെന്നാണ് മറുപടി കിട്ടിയതെന്നുമത്രെ ആ ക

ത്തിന്റെ സാരം. അതിനാൽ ൻ൦,൦൦൦-ത്തെപ്പററിയുള്ള പ്രസ്താവത്തിന്റെ വാസ്തവാവാസ്തവത്തെ വായനക്കാരുടെ വിധിക്കു ഞങ്ങൾ വിട്ടിരിക്കുന്നു. (സത്യദീപം)

---

# നിങ്ങളുടെ കുടുംബം.

## സാക്ഷാൽ ഒരു ക്രിസ്തീയ കുടുംബംതന്നെയോ ?

റവ. ഫാദർ സെറാഫിൻ ബെനഡിക്റ്റ്.

## I

### കുടുംബമാണ് മനുഷ്യസമുദായത്തിന്റെ സാക്ഷാൽ അസ്ഥിവാരം.

സകല കുടുംബങ്ങളും സാക്ഷാൽ ക്രിസ്തീയ കുടുംബങ്ങളായിരുന്നുവെങ്കിൽ ലോകത്തിൽ ഇന്നു യാതൊരനത്ഥമോ, കാരാഗൃഹങ്ങളുടെയും ദണ്ഡനോപകരണങ്ങളുടെയും പോലീസുകാരുടെയും കത്തോലിക്കാ യുവജനനിയന്ത്രണത്തിന്റെയും ആവശ്യമോ ഉണ്ടാകുമായിരുന്നില്ല എന്നാണു പലരും പറയാറുള്ളതു്. അതു് തികച്ചും പരമാത്ഥമാണ്.

നിശ്ചയമായിട്ടും കുടുംബമാണ് ഓരോ ശിശുവിന്റെയും പ്രഥമ പരിശിക്ഷണ പാഠശാല. അവിടെ വെച്ചാണ് ഓരോ ശിശുവും കണ്ടുപാഠംമൂലം തന്റെ അഭ്യസനം സമാരംഭിക്കേണ്ടതു്. മാതാപിതാക്കൾ അവരുടെ പ്രാഥമ്യവും പ്രാമുഖ്യവും അഹിക്കുന്ന അധ്യാപകന്മാരുമാകുന്നു.

സകല ജ്ഞാനവും ഇന്ദ്രിയങ്ങൾവഴിയായി മനുഷ്യനിൽ പ്രവേശിക്കുന്നതുകൊണ്ടു കാണുന്ന കാഴ്ചകളും ചെവികൊണ്ടു കേൾക്കുന്ന കേൾവികളും മനസ്സിൽ പതിയുന്നു; അവയ്ക്കനുസരണമായി വികാരങ്ങളും ഭാവനകളും ഉണ്ടാകുന്നു എന്നാണ് താത്വികന്മാരുടെ അഭിപ്രായം. ശൈശവദശയാണ് കണ്ടുപാഠത്തിനു ഏററം പററിയ സമയം. ആകയാൽ-സന്മാർഗ്ഗജീവിതത്തിലേയ്ക്കായാലും ദുർമ്മാർഗ്ഗജീവിതത്തിലേയ്ക്കായാലും-അവർ ആ പ്രായ

ൻ൯൩ എപ്രിൽമാസത്തെ

# പൊതുനിയോഗം.

ക്രൂശിതനായ ഈശോയെ അറിഞ്ഞു സ്നേഹിക്കുക.

ക്രൂശിതനായ ഈശോമിശിഹായെ അറിഞ്ഞു സ്നേഹിക്കുന്നതിൽ കൂടുതലായി തങ്ങൾക്കൊന്നും ആവശ്യമില്ലെന്നു പല വിശുദ്ധന്മാരും പറഞ്ഞിട്ടുണ്ട്. അവരുടെ ജീവിതവും പ്രവൃത്തിയും ഇതിനനുസരിച്ചുതന്നെയായിരുന്നു. എന്നാൽ ലോകായതികന്മാൎക്കു ഇതു മനസ്സിലാക്കാൻ വളരെ പ്രയാസമാണ്. ഐഹികജീവിതമാണു തങ്ങളുടെ സൎവ്വസ്വമെന്നും മരണാനന്തരമായ ഒരവസ്ഥയില്ലെന്നും വിചാരിക്കുന്നവൎക്കു ഇങ്ങിനെ തോന്നുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. ഈ നോമ്പുകാലത്തു് പ്രത്യേകിച്ചു ഏപ്രിൽമാസത്തിൽ എല്ലാവരും ഈശോയെ അധികമധികം അറിഞ്ഞു സ്നേഹിക്കുന്നതിനു വേണ്ടി തിരുഹൃദയഭക്തന്മാർ സവിശേഷം പ്രാൎത്ഥിക്കേണ്ടതാണ്.

---

ത്തിൽതന്നെ അസ്ഥിവാരം ബലമായി പടുത്തുകഴിയും. എന്നിരിക്കെ മാതാപിതാക്കന്മാർ തങ്ങളുടെ മക്കളുടെ നേൎക്കുള്ള കടമകൾ കൃത്യമായി നിൎവ്വഹിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കേണ്ടതു അവശ്യാവശ്യമത്രെ.

കുടുംബജീവിതത്തെ തീരെ അലക്ഷ്യമായി കരുതിവരുന്ന രാജ്യങ്ങളിലൊന്നായ അമേരിക്കൻ ഐക്യസംസ്ഥാനത്തിന്റെ സ്ഥിതിതന്നെ ഒന്നാലോചിച്ചുനോക്കുക. വിവാഹമോചനം അത്ര സുലഭമായുള്ള മററു വല്ല രാജ്യവുമുണ്ടോ? എന്തെങ്കിലും വഴക്കൊ വക്കാണമൊ ഉണ്ടാകുന്നതുവരെയ്ക്കും എന്നുവെച്ചു് പരീക്ഷണാൎത്ഥംമാത്രം വിവാഹജീവിതത്തിൽ പ്രവേശിക്കുന്നവരായി അത്ര വളരെപ്പേരെ മററു വല്ലിടത്തും കാണുമോ ?

പിതാക്കളുടെ തീവ്രശ്രദ്ധയോ മാതാക്കളുടെ സ്നേഹപൂൎണ്ണമായ പരിരക്ഷണമോ ഇല്ലാത്ത എത്രയെത്ര കുട്ടികളാണ് അവിടെയുള്ളതു് ! ഹൃദയത്തിൽ പുണ്യമാകുന്ന വിത്തു വിതറപ്പെട്ടിട്ടില്ലാത്ത കുട്ടികൾ എത്ര അസംഖ്യം !! തന്മൂലം ദുഷ്ടക്കൂട്ടരുടെ ചേഷ്ടകൾക്കും പ്രലോഭനങ്ങൾക്കും വശപ്പെട്ടുപോകുന്നവർ എത്ര നിരവധി !! എന്തിനു ? എങ്ങനെയുള്ളവരെക്കൊണ്ടു അതു

നാട്ട നിറഞ്ഞിരിക്കുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

പരിശുദ്ധ പിതാവിന്റെ പ്രതിനിധിയായ അതിവന്ദ്യശ്രീ ശ്രീ അൽമെറേറാ ഗിയൊവാന്നി ചിക്കൊഞ്ഞാന്നി ഡി. ഡി. തിരുമനസ്സുകൊണ്ടു വാഷിംഗ്ടണിലെ പ്രാദേശിക കത്തോലിക്ക യുവതീസംഘത്തോടു കഴിഞ്ഞ ഒക്ടോബർ മാസത്തിൽ പറഞ്ഞതിപ്രകാരമായിരുന്നു: “ക്രിസ്തീയകുടുംബമാണ് നമ്മുടെ അഖില പരിഷ്കാരത്തിന്റെയും പിള്ളത്തൊട്ടി. ആകയാൽ നിങ്ങളെവരും-വ്യക്തികളായാലുംശരി സംഘങ്ങളായാലും ശരി-ക്രിസ്തീയ കുടുംബങ്ങളിൽ ക്രിസ്തീയ ചൈതന്യത്തിന്റെ വർദ്ധമാനമായ പുരോഗതിക്കായി പരിശ്രമിക്കണമെന്നാണ് ഞാൻ നിങ്ങളോടുപദേശിക്കുന്നതു്.”

കുടുംബജീവിതത്തിന്റെ മാഹാത്മ്യം മനസ്സിലാക്കാതെ പ്രവൎത്തിച്ചുപോരുന്നവൎക്കെല്ലാം ഇതേ അനുഭവംതന്നെയാണുള്ളതു്. അമേരിക്കൻ ഐക്യസംസ്ഥാനത്തെക്കുറിച്ചു പറഞ്ഞവ നമ്മെക്കുറിച്ചും പറയാവുന്നതാണ്. ഉദാഹരണത്തിനായി ഒരു രാജ്യക്കാരുടെ സ്ഥിതി എടുത്തുപറഞ്ഞുവെന്നേയുള്ളു. ആകയാൽ പരിശുദ്ധ പിതാവിന്റെ പ്രതിനിധി വാഷിംഗ്ടൺ കത്തോലിക്കവനിതാസംഘത്തോടുപദേശിച്ച ആ വചനങ്ങൾ നമ്മുടെയും ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതുതന്നെ.

## കുറിപ്പുകൾ.

സർ തോമ്മസ്മൂർ, ജോൺഫിഷർ എന്നീ സിദ്ധന്മാരെ മേയ് ൧൯-ാം തീയതി വിശുദ്ധരെന്നു നാമകരണം ചെയ്യുന്നതാണെന്നു മിക്കവാറും തീൎച്ചയായിരിക്കുന്നു. ഇതു സംബന്ധിച്ചു ഇംഗ്ലണ്ടിൽനിന്നു അനേകം തീൎത്ഥകർ റോമായിൽ എത്തുന്നതാണ്.

പതിനൊന്നാം പീയൂസ് മാൎപ്പാപ്പായുടെ ഭരണത്തിന്റെ പതിന്നാലാമത്തെ വത്സരമാണല്ലൊ ഇപ്പോൾ ആരംഭിച്ചിരി

ക്കുന്നത്. ഈ അടുത്ത മേയ് ൩൧-ാം തീയതി പരിശുദ്ധ പിതാവിൻെറ ൮൦-ാം ജന്മദിനം ആഘോഷിക്കപ്പെടുന്നതാണ്.

കൊച്ചി ദിവാനായി നിയമിക്കപ്പെട്ടിരിക്കുന്ന സർ ആർ. കെ. ഷൺമുഖംചെട്ടി മാച്ച് ൨൫-ാം തീയതി ചൊവ്വര കൊട്ടാരത്തിൽവെച്ചു മഹാരാജാവിനെ മുഖം കാണിച്ചിരിക്കുന്നു. ഏപ്രിൽ ആദ്യവാരത്തിൽ അദ്ദേഹം ജോലിയിൽ പ്രവേശിക്കുന്നതാണ്. ൪൩ വയസ്സു പ്രായമുള്ള ഇദ്ദേഹം കോയമ്പത്തൂർ സ്വദേശിയും നല്ലൊരു പ്രാസംഗികനും എഴുത്തുകാരനുമാണ്.

ജി. സി. ഐ. ഇ. സ്ഥാനമുദ്ര വൈസ്രോയിൽനിന്നു നേരിട്ടുതന്നെ സ്വീകരിക്കുന്നതിനായി ന്യൂഡെൽഹിക്കെഴുന്നെള്ളിയിരുന്ന കൊച്ചിമഹാരാജാവ് തിരുമനസ്സുകൊണ്ടു മാച്ച് ൭-ാം തീയതി തിരിച്ചെഴുന്നെള്ളിയിരിക്കുന്നു.

ഇററലിയിലെ അമേരിക്കൻ പ്രതിനിധിയും ഒരു പ്രസിദ്ധ ഗ്രന്ഥകാരനുമായിരുന്ന മി. ആർ. ഡബ്ലിയു, ചൈൽഡ് തൻെറ മരണത്തിനു അല്പംമുമ്പു കത്തോലിക്കാ മതം സ്വീകരിച്ചിരിക്കുന്നു.

നസ്രത്ത്സഹോദരികൾ എന്ന സന്യാസിനീസംഘത്തിൻെറ പുതിയ സംരക്ഷകനായി പരിശുദ്ധ പിതാവ് കട്ടിനാൾ ലെപ്പീസയരെ നിയമിച്ചിരിക്കുന്നു.

സയാമിലെ രാജാവ് സ്ഥാനത്യാഗം ചെയ്കയാൽ അദ്ദേഹത്തിൻെറ ഒമ്പതു വയസ്സുള്ള അനന്തിരവനെ രാജാവായി പ്രഖ്യാപനം ചെയ്തിരിക്കുന്നു.

ശാസ്താംകോട്ട മി. ഏ. ആൻറണി ഫെർണാണ്ടസിൻെറ ഭാര്യ ശ്രീമതി റോസ മാച്ച് ൮-ാം തീയതി വെള്ളിയാഴ്ച ൨൮-ാമത്തെ വയസ്സിൽ പ്രസവാനന്തരമുള്ള സുഖക്കേടുനിമിത്തം കത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മവിശ്രാന്തിക്കായി വായനക്കാർ പ്രാത്ഥിപ്പാറാകണം. **R. I. P.**

# സർപ്പവിഷത്തിനു.

ആനപ്പിണ്ടി, മയിൽപീലി, കോഴിച്ചിറക, കരളകവേരു ഉണങ്ങിയ ചാണകം ഇവയെല്ലാം കയ്യിലെടുത്തു ദംഷ്ട്രന്റെ മൂദ്ധാവിൽനിന്നു കീഴ്പ്പോട്ടു പാദംവരെ ഇരുപത്തൊന്നു വട്ടം ഉഴിഞ്ഞു ഗൃഹത്തിന്റെ കുറച്ചു ദൂരെ കളഞ്ഞേക്കുക. എന്നാൽ എല്ലാ വിഷങ്ങളും തീരും ഈ മരുന്നുകൾ ൨൧ വട്ടം ഉഴിഞ്ഞതിതിന്റെ സമൂലം ഇടിച്ചു വെള്ളത്തിലിട്ടു പിഴിഞ്ഞരിച്ചു ആ വെള്ളം തീയിന്മേൽ വെച്ചു കുറുക്കി പാതിയായാൽ വിഷമോഹിതൻ ഉണരും, ഇല്ലെങ്കിൽ മരിക്കും ഇതു വളരെ ബുദ്ധിമുട്ടിയ സമയത്തെ ചെയ്യാവൂ. 'ധന്വന്തരി'

വിഷം തീണ്ടിയാൽ ഉടനെ മണ്ണുവാരി പുൺവായിൽ തിരുമ്മുക; വിഷം മണ്ണിൽ പോകും.

സർപ്പദംശനമുണ്ടായി അഞ്ചു മിനിട്ടിനുള്ളിൽ പാളെങ്കോടൻ വാഴയുടെ തണ്ടിനകത്തെ നീർ ഇരുന്നാഴി എടുത്തു കുടിക്കുന്നതായാൽ വിഷം ശമിക്കും.

---


## SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

**ജോഗേശ ചന്ദ്രഘോസ്, എം. എ., എഫ്. സി. എസ്സ്.**

ആയുർവേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

**മകരധ്വജ** (സ്വൎണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.

ഒരു ത്രപാത്തുകത്തിന് ക. ൪

**ശാരിബാദിസരസം.** ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്. ഒരുസേറിനു ക. ൩

**സുഖരസഞ്ജീവനി.** ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൫

**അബലബാന്ധവയോഗം:-** ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൫ ദിവസം സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിനു ക. [illegible].

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana മലേറിയാനാ.

ഈ കീൎത്തിപെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി, മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറവകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിന്നു ഇതു ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിന്നു 1 ക. 8 ണ; 1 ഡജന്നു 16 ക. 8 ണ; 4 ഔൺസിന്നു 14 ണ; 1 ഡജന്നു 9 ക. 12 ണ;

## SYRUP SARSAMOGA. രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വപീഡകളെയും ശമനപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സുവൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സൎസ്സ അമോഗ. വില 8 ഔൺസിന്നു 3 ക. 8 ണ. ചെറിയ കുപ്പി 1ക്കു 1 ക. 14 ണ.

## BABYTONE. ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണകോശക്രമക്കേട്ട കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും ചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിന്നു 1 ക. 4 ണ.

## EAR OIL. ചെവി ചോരുന്നതിന്നു

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലം ഒലിക്കുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർ ആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിന്നു 8 ണ; 1 ഔൺസിന്നു 14 ണ.

## SYRUP CARDUS. പിത്തഹരൌഷധം.

ഉറക്കമില്ലായ്ക, തലതിരിച്ചൽ, പിത്തം ഛൎദ്ദിക്കൽ, കൈകാൽതളച്ച, ശരീരം കഴയ്ക്കുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗൃഹഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിറപ കരഡ്സ് എന്നവയുടെ എല്ലാം കേടുകളെയും നിരാകരിച്ച ശരീരത്തിന്നു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിന്നു സംശയമില്ല. വില 8 ഔൺസിന്നു 3 ക. 8 ണ. ചെറിയ കുപ്പി 1ക്കു 1 ക. 14 ണ.

## RINGWORM BALM. ത്വക്‌രോഗത്തിന്നു

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴക്കടി, തഴുതണം, വരട്ടചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1ന്നു 5 ണ; 1 ഡജന്നു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്ക അയച്ചുകൊടുക്കുന്നതാണ്. ഇതിന്നുപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ട്.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൦ | മീനം.- മേടം. | | | ഏപ്രിൽ ൧൯൩൫. |
|---|---|---|---|---|
| ൧൯ | 1 | തി. | വി. | പൌലോസ്. വന. |
| ൨൦ | 2 | ചൊ. | വി. | ഫ്രാൻസിസ്പ്പാസു. |
| ● | 3 | ബു. | വി. | പംക്രാസി. |
| ൨൨ | 4 | വ്യാ. | വി. | ഇസദോർ. |
| ൨൩ | 5 | വെ. | വി. | വാൻസെൻറുഫെറ. (ഒരിക്കൽ.) |
| ൨൪ | 6 | ശ. | വി. | സാക്സ്റ്റൂസ്. |
| ൨൫ | 7 | ഞാ. | ✠ | വി. അഫ്റാത്തെ. |
| ൨൬ | 8 | തി. | വി. | ഡെനീസ്. |
| ൨൭ | 9 | ചൊ. | വി. | അപ്പൊളോനിയസ്. |
| ൨൮ | 10 | ബു. | വി. | എസക്കിയേൽ. |
| ൨൯ | 11 | വ്യാ. | വി. | ലെഓൻ പാ. |
| ൩൦ | 12 | വെ. | വി. | ദസെനോ. മെ. (ഒരിക്കൽ) |
| ൩൧ | 13 | ശ. | വി. | ഹെർമജി. |
| ൧ | 14 | ഞാ. | ✠ | വി. തിബർസിസ്. |
| ൨ | 15 | തി. | വി. | പത്രോ. ഗോൺ. |
| ൩ | 16 | ചൊ | വി. | ബന: യൌ. ലാബർ. |
| ൪ | 17 | ബു. | വി. | എസ്തപ്പാദനോസ് സഹ. |
| ○ | 18 | വ്യാ. | | പെസഹാ. |
| ൬ | 19 | വെ. | | ദുഃഖവെള്ളി. (ഒരിക്കൽ.) |
| ൭ | 20 | ശ. | | ദുഃഖശനി. (ഒരിക്കൽ.) |
| ൮ | 21 | ഞാ. | ✠ | ന. ക. ഉയിർപ്പ്. |
| ൯ | 22 | തി. | വി. | സോതേരും കായസും. |
| ൧൦ | 23 | ചൊ. | വി. | ഗീവറുഗീസ്. |
| ൧൧ | 24 | ബു. | വി. | ഫിദേലീസ്. |
| ൧൨ | 25 | വ്യാ. | വി. | മർക്കോസ്. |
| ൧൩ | 26 | വെ. | വി. | ക്ലേത്തോസ് പാ. |
| ൧൪ | 27 | ശ. | വി. | സീത്താ കാ. |
| ൧൫ | 28 | ഞാ. | ✠ | വി. കരി. പൌലോസ്. |
| ൧൬ | 29 | തി. | വി. | പത്രോസ്. |
| ൧൭ | 30 | ചൊ. | വി. | സ്യേന കത്രീനാ |

✠ എല്ലാവർക്കും കടമുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.